മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 22 THE ONLINE OFFICIAL NEWS BULLETIN 2026 May 28

SEASON OF PENTECOST പെന്തിക്കോസ്തികാലം ܥܕܢܐ ܕܦܢܛܩܘܣܛܝ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
31 8 1st Sunday after Pentecost	1 4	2 8	3 4	4 8	5 4	6 8 101th Mem. of Yuakim Mar Ivanios Metropolitan (Parumala) 19th Memorial of Augen Mar Dionysius Metropolitan (Vallikkattu Dayara)



മലങ്കര ഓർത്തഡോക്സ് സഭയുടെ നേതൃത്വത്തിൽ പുത്തൂർ മാവടിയിൽ ആരംഭിച്ച 'അഭയശില സ്പെഷൽ സ്കൂൾ' കൂദാശയും ഉദ്ഘാടനവും പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചു. സഭയുടെ കൊൽക്കത്ത ഭദ്രാസനാധിപനും അഭയശില ചാരിറ്റബിൾ സൊസൈറ്റിയുടെ ഡയറക്ടറുമായ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പൊലീത്താ അധ്യക്ഷത വഹിച്ചു.



അഖില മലങ്കര ഓർത്തഡോക്സ് സഭാ ശുശ്രൂഷകസംഘം വാർഷിക ക്യാമ്പ് ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഡോ. യുഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു.



അഖില മലങ്കര പ്രാർത്ഥന യോഗ വാർഷിക സമ്മേളനം തിരുവനന്തപുരം ഭദ്രാസനത്തിന്റെ ആതിഥേയത്തിൽ 2026 മേയ് 27-ന് ആയൂർ ഇടമുളയ്ക്കലിലെ വി.എം.ഡി.എം. സെന്ററിൽ നടന്നു. പ്രസിഡന്റ് മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. അഡ്വ. ചാണ്ടി ഉമ്മൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജസ്റ്റിസ് കുര്യൻ ജോസഫ് മുഖ്യപ്രഭാഷണം നിർവഹിച്ചു.



സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ മലങ്കര സഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പരിശുദ്ധ കാതോലിക്കാ ബാവായെ സന്ദർശിച്ചു. മന്ത്രിയായി ചുമതലയേറ്റശേഷം ആദ്യമായി സഭാ ആസ്ഥാനത്തെത്തിയ അദ്ദേഹത്തിന് പ. ബാവാ ആശംസകൾ നേർന്നു.




പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, സഭയുടെ മാധ്യമ വിഭാഗം തലവൻ ഡോ.യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ, സഭാ വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, സഭാ അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, പരിശുദ്ധ ബാവാ തിരുമേനിയുടെ അസി. പ്രിൻസിപ്പൽ സെക്രട്ടറി ഫാ. ഗീവർഗീസ് ജോൺസൺ എന്നിവർ മുഖ്യമന്ത്രി വി. ഡി. സതീശനെ സന്ദർശിച്ച് ആശംസകൾ നേർന്നു.

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1951)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



11-11-1951. പത്തനംതിട്ട, മാവേലിക്കര. രാവിലെ രാത്രി നമസ്കാരം കഴിഞ്ഞ് ഈപ്പൻ ശെമ്മാശന്റെ കല്യാണം നടത്തിക്കൊടുക്കുന്നതിന് പുത്തൻപീടിക പള്ളിയിലേക്കു തിരിച്ചു. അവിടെ എത്തി വി. കുർബ്ബാന അർപ്പിച്ചു. തീമോത്തിയോസ് മെത്രാച്ചനും വന്നിരുന്നു. കാപ്പി കഴിഞ്ഞ് കല്യാണം നടത്തിക്കൊടുത്തു. കോട്ടയത്തു നിന്നും മാനേജരച്ചനും മണലിൽ യാക്കോബ് കത്തനാരും മറ്റും വന്നിരുന്നു. മറ്റു പല ശെമ്മാശന്മാരും അച്ചന്മാരും വന്നിരുന്നു. ഉച്ചകഴിഞ്ഞു മാവേലിക്കരയ്ക്കു തിരിച്ചു. നാലരയ്ക്കു അവിടെ എത്തി. വഴിമദ്ധ്യേ പുത്തൻകാവിൽ കയറി കൊച്ചുമെത്രാച്ചന്റെ കബറുപണി കണ്ടു. ഡോ. വർഗീസ് വന്നു കുത്തിവച്ചു. സന്ധ്യയോടു കൂടി തേവോദോസ്യോസ് മെത്രാച്ചൻ വന്നു. മെത്രാച്ചന് ആസ്മായുടെ സുഖക്കേടുള്ളതുകൊണ്ട് ഒരാഴ്ച ഇവിടെ താമസിക്കുന്നതിന് ഡോക്ടർ നിർദ്ദേശിച്ചു. ഡോക്ടറുടെ അഭിപ്രായപ്രകാരം നാമും ഇവിടെ താമസിച്ചു.

12-11-1951. മാവേലിക്കര. ഒമ്പതു മണിക്ക് കരിപ്പുഴയ്ക്കു പോയി. മാത്യു വക്കീലിന്റെ അനന്തരവന്റെ കല്യാണം നടത്തിക്കൊടുത്തു. ഉച്ചമേശ കഴിഞ്ഞ് ഇവിടെ എത്തി രാത്രി താമസിച്ചു. ഇന്നും ഡോക്ടർ വന്നു കുത്തിവച്ചു.

13-11-1951. മാവേലിക്കര, പരുമല. രാവിലെ കാപ്പികഴിഞ്ഞ് പരുമലയ്ക്കു വന്നു. മെത്രാച്ചൻ മാവേലിക്കര താമസിക്കുന്നു. ഈപ്പൻ ശെമ്മാശൻ നമ്മെ കാണുന്നതിനായി വന്നു. വ്യാഴാഴ്ച ടിയാനു കത്തനാരുപട്ടം നൽകുന്നതാണ്.

14-11-1951. പരുമല. രാവിലെ അരികുപുറത്തു ഗീവറുഗീസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. കോട്ടയത്തു നിന്നും നൈനാനും ജോർജ്ജും വന്നിരുന്നു. എം.ജി.എം. സ്കൂളിലെ ഹെഡ്മാസ്റ്ററുടെ കാര്യത്തെപ്പറ്റി നൈനാനുമായി ആലോചിച്ചു. നാളെ ഇവിടുത്തെ ശെമ്മാശനും ഈപ്പൻ ശെമ്മാശനും കത്തനാരുപട്ടം കൊടുക്കുന്നതു പ്രമാണിച്ച് മോടിശ്ശേരിൽ അച്ചനും ഗബ്രിയേൽ കത്തനാരും കീക്കൊഴൂക്കാരൻ വറുഗീസ് കത്തനാരും മറ്റും വന്നു. നൈനാനും ജോർജ്ജും ഇന്നിവിടെ താമസിച്ചു.

15-11-1951. പരുമല. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന മദ്ധ്യേ ഈപ്പൻ ശെമ്മാശനും, പുത്തൻകാവുകാരൻ ഇവിടെ താമസിക്കുന്ന യൗസേഫ് ശെമ്മാശനും കത്തനാരുപട്ടം നൽകി. പത്തനംതിട്ട നിന്നും, പുത്തൻകാവിൽ നിന്നും വളരെ ആളുകൾ വന്നിരുന്നു. ഉച്ചകഴിഞ്ഞ് എല്ലാവരും പോയി. കൊച്ചച്ചന്മാർ ഇവിടെ താമസിച്ചു.

ഇലഞ്ഞിക്കലെ ഫീലിപ്പോച്ചൻ വന്നിരുന്നു. ടിയാന്റെ മകനു കല്യാണം ഉറപ്പിച്ച സംഗതിയെപ്പറ്റിയും മറ്റും പറഞ്ഞശേഷം നിരണത്തിനു പോയി. ഏലിയാസ് തോമസ് കത്തനാർ വന്നിരുന്നു. ഇവിടെ രാത്രി താമസിച്ചു.

16-11-1951. പരുമല. രാവിലെ മാനേജരു കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. സഖറിയാ ശെമ്മാശൻ വീട്ടിൽ പോയി ഉച്ചകഴിഞ്ഞു തിരിച്ചുവന്നു.

17-11-1951. രാവിലെ അരികുപുറത്തു ഗീവറുഗീസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് പാണ്ടങ്കേരി പള്ളി കൂദാശ പ്രമാണിച്ച് പാണ്ടങ്കേരിക്കു തിരിച്ചു. മാനേജരു കത്തനാരും വന്നിരുന്നു. പുളിക്കീഴ് കടവിൽ നിന്നും പാണ്ടങ്കേരി വരെ അനവധി ബോട്ടുകളോടും കളിവള്ളങ്ങളോടും കൂടിയ ഒരു ഘോഷയാത്രയുണ്ടായിരുന്നു. കൂദാശ പ്രമാണിച്ച് തീമോത്തിയോസ് മെത്രാച്ചനും ദീവന്നാസ്യോസ് മെത്രാച്ചനും ദാനിയേൽ റമ്പാച്ചനും ഓതറ റമ്പാച്ചനും വന്നിരുന്നു. ഘോഷയാത്ര 5 മണിക്കു പള്ളിയിൽ എത്തി. ലുത്തിനിയാ കഴിഞ്ഞു വിശ്രമിച്ചശേഷം ഒരു യോഗം കൂടി. നാമും മെത്രാച്ചന്മാരും ഓരോ പ്രസംഗങ്ങൾ ചെയ്തു. സന്ധ്യാനമസ്കാരം കഴിഞ്ഞ് പള്ളി കൂദാശയുടെ കുറെ ഭാഗങ്ങൾ തീർത്തു.

ഘോഷയാത്രയിലും മറ്റും സി. പി. മാത്തനും ഇ. ജോൺ ഫീലിപ്പോസും ബേബിയും മറ്റും സംബന്ധിച്ചിരുന്നു. നാളെ ഞായറാഴ്ച ആയതിനാൽ വെടിക്കെട്ടു നടത്തുന്നതിന് അനുവദിച്ചില്ല.

18-11-1951. പാണ്ടങ്കേരി, പരുമല. രാവിലെ നമസ്കാരത്തോടു കൂടി പള്ളി കൂദാശ ആരംഭിച്ചു. കൂദാശ കഴിഞ്ഞ് നാമും മെത്രാച്ചന്മാരും കൂടി വി. മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. കൂദാശയിലും കുർബ്ബാനയിലും വളരെ അധികം ആളുകൾ സംബന്ധിച്ചിരുന്നു. കൂദാശയും മറ്റും വളരെ ഭംഗിയായി തന്നെ നടന്നു. ഉച്ചകഴിഞ്ഞ് നാലു മണിക്കു പരുമലയ്ക്കു തിരിച്ചു. മെത്രാച്ചന്മാരും റമ്പാച്ചന്മാരും ഉണ്ടായിരുന്നു. ഇടയ്ക്ക് പുളിക്കീഴ് അദ്ഭുതകന്യകയുടെ ആഗ്രഹപ്രകാരം അവളുടെ വീട്ടിൽ കയറി പ്രാർത്ഥിച്ചു. തീമോത്തിയോസ് മെത്രാച്ചൻ പത്തനംതിട്ടയ്ക്കും, ദീവന്നാസ്യോസ് മെത്രാച്ചൻ തിരുവല്ലായ്ക്കും പോയി. ഏഴു മണിക്ക് ഇവിടെ (പരുമല) എത്തി.

19-11-1951. പരുമല. ഇന്ന് കുറിച്ചിയിൽ നിന്നും യോഹന്നാൻകുട്ടിയും, അവന്റെ മൂത്ത മകനും കൂടി വന്നിരുന്നു. നാലു മണിയോടു കൂടി അവർ വേങ്ങലിലേക്കു പോയി.

20-11-1951. പരുമല. രാവിലെ റമ്പാച്ചൻ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന കഴിഞ്ഞ് പുതുശ്ശേരി സ്കൂൾ സന്ദർശിക്കുന്നതിനായി പുതുശ്ശേരിക്കു പോയി. അരികുപുറത്തു കത്തനാരും വന്നിരുന്നു. തിരുവല്ലായിൽ എം.ജി.എം. സ്കൂളിലും ബഥനി അരമനയിലും കയറി. മെത്രാച്ചൻ അവിടെ ഉണ്ടായിരുന്നു. 11 മണിക്കു പുതുശ്ശേരിൽ എത്തി. നൈനാൻ അവിടെ ഉണ്ടായിരുന്നു. സ്കൂൾ കെട്ടിടവും ക്ലാസ്സുകളും എല്ലാം സന്ദർശിച്ചു. ഉച്ചമേശ കഴിഞ്ഞ് തിരിച്ചുപോന്നു. നാലരയ്ക്കു ഇവിടെ എത്തി.

21-11-1951. പരുമല. രാവിലെ റമ്പാച്ചൻ വി. കുർബ്ബാന അർപ്പിച്ചു.

22-11-1951. പരുമല. രാവിലെ പുത്തൻകാവുകാരൻ കൊച്ചച്ചൻ വി.കുർബ്ബാന ആദ്യമായി ചൊല്ലി. പലരും വന്ന് നമ്മെ സന്ദർശിച്ചു.

23-11-1951. പരുമല. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. മാവേലിക്കര നിന്നും റ്റി. എസ്. ഏബ്രഹാം കത്തനാർ വന്നിരുന്നു. പന്നായിക്കടവിലെ കത്തനാർ വന്ന് നാളെ അയാൾ പുതുതായി പണികഴിപ്പിച്ചിരിക്കുന്ന കെട്ടിടം കൂദാശ ചെയ്തുകൊടുക്കണമെന്ന് പറഞ്ഞു.

24-11-1951. പരുമല, കോട്ടയം. രാവിലെ കാപ്പി കഴിഞ്ഞ് കോട്ടയത്തിനു തിരിച്ചു. പന്നായിക്കടവിൽ കത്തനാരുടെ പുരകൂദാശ നടത്തി. അതു കഴിഞ്ഞ് പാത്താമുട്ടത്തിനു തിരിച്ചു. ഉച്ചയോടുകൂടി അവിടെ എത്തി റമ്പാച്ചന്റെ സുഖക്കേടു വിവരം അറിഞ്ഞു. റമ്പാച്ചന് ഇപ്പോൾ വളരെ സുഖമുണ്ട്. ഉച്ചമേശ കഴിഞ്ഞ് മൂന്നു മണിക്ക് ഇവിടെയെത്തി.

സെമിനാരി സ്ഥാപകൻ തിരുമനസ്സിലെ ഓർമ്മദിവസം നാളെയാകയാൽ ഇന്ന് പെരുന്നാൾ ചടങ്ങുകൾ ഉണ്ടായിരുന്നു. തിയോളജിക്കൽ സെമിനാരിയിൽ നിന്നും എല്ലാവരും വന്നിരുന്നു.

25-11-1951. കോട്ടയം. രാവിലെ നാമും കെ. പി. പൗലോസ് കത്തനാരും, കെ. ഫീലിപ്പോസ് കത്തനാരും കൂടി മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. കുർബ്ബാന കഴിഞ്ഞ് റാസയും മറ്റും ഉണ്ടായിരുന്നു. പള്ളിനിറയെ ആളുകൾ ഇന്ന് വന്നിരുന്നു. പലരും നമ്മെ വന്നു കണ്ടു.

26-11-1951. കോട്ടയം. കെ. ഫിലിപ്പോസ് അച്ചൻ വന്നിരുന്നു. പല സംഗതികളെപ്പറ്റിയും പറഞ്ഞു.

27-11-1951. കോട്ടയം. രാവിലെ ശെമ്മാശൻ മദ്രാസിനു പോകുവാൻ ട്രെയിനിൽ സീറ്റ് ബുക്കു ചെയ്യുന്നതിന് പോയി. പാറേട്ടച്ചനും, കൊച്ചുകൊച്ചും മറ്റും വന്നിരുന്നു. ശെമ്മാശൻ സന്ധ്യയ്ക്കു തിരിച്ചുവന്നു.

28-11-1951. കോട്ടയം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. ഇന്ന് ചാക്കോച്ചനും മാത്തുക്കുട്ടിയും മറ്റു പലരും വന്നിരുന്നു. നാളെ നാം മദ്രാസിനു പോകുന്നതിനെപ്പറ്റി സംസാരിക്കാനും മറ്റുമാണ് വന്നത്. പരുമല അച്ചൻ നമ്മോടു കൂടി മദ്രാസിനും ബോംബെയ്ക്കും മറ്റും പോകുന്നതിനായി വന്നു.

29-11-1951. കോട്ടയം, എറണാകുളം. രാവിലെ എട്ടരമണിക്ക് എറണാകുളത്തിന് തിരിച്ചു. ഉപ്പൂട്ടിൽ കുഞ്ഞച്ചൻ, അവറാൻകുട്ടി, ജോർജ്ജുകുട്ടി, ചാക്കോച്ചൻ, ബേബി മുതലായ പല ആളുകളും നമ്മെ യാത്രയയപ്പാൻ വന്നിരുന്നു. നമ്മോടുകൂടി മാനേജരു കത്തനാരും വന്നിരുന്നു. പതിനൊന്നരയ്ക്ക് എറണാകുളം പള്ളിയിലെത്തി. ഉച്ചനമസ്കാരം കഴിഞ്ഞ് അനിയന്റെ (... ന്റെ മകൻ) വീട്ടിൽ പോയി ഊണു കഴിച്ചു. മണലിൽ കത്തനാരും മട്ടയ്ക്കലെ കൊച്ചച്ചനും മറ്റും പള്ളിയിലും റെയിൽവേ സ്റ്റേഷനിലും മറ്റും വന്നിരുന്നു. ഊണുകഴിഞ്ഞ് 5.15-നുള്ള ട്രെയിനിൽ മദ്രാസിനു തിരിച്ചു. ആലുവായിൽ ട്രെയിൻ എത്തിയപ്പോൾ ഈപ്പൻ അച്ചനും ... വന്നു നമ്മെ കണ്ടു. തൃശ്ശൂരിൽ എത്തിയപ്പോൾ വികാരി മർക്കോസ് കത്തനാരും ഡോ. ചീരൻ വർഗീസ് ആദിയായ പലരും നമ്മെ വന്നു കണ്ടു. വീണ്ടും പോത്തന്നൂർ എത്തിയപ്പോൾ കോയമ്പത്തൂർ പള്ളി വികാരി ജോസഫ് കത്തനാരും ആ ഇടവകയിൽപെട്ട അനവധി ആളുകളും വന്നു നമ്മെ കണ്ടു. മാമ്മൻ മാപ്പിളയും ഭാര്യയും ഈ ട്രെയിനിൽ ഉണ്ടായിരുന്നു.

30-11-1951. മദ്രാസ്. രാവിലെ 8.30-ന് ട്രെയിൻ ഇവിടെ സ്റ്റേഷനിൽ എത്തി. ദീവന്നാസ്യോസ് മെത്രാച്ചനും വികാരിയും ഇടവകക്കാരിൽ പലരും നമ്മെ കാത്ത് സ്റ്റേഷനിൽ നിൽപ്പുണ്ടായിരുന്നു. വികാരി മാത്യൂസ് കത്തനാർ നമ്മെ ഹാരമണിയിച്ചു സ്വീകരിച്ചു. അതിനുശേഷം പ്രത്യേക കാറിൽ പള്ളിയിലേക്കു പോന്നു. പള്ളിയിലും വളരെ ആളുകൾ വന്നിരുന്നു.

മാർത്തോമ്മാ ശ്ലീഹായുടെ കബറിടത്തിൽ

നാലു മണിയോടു കൂടി നാമും മെത്രാച്ചനും കൂടി മൈലാപ്പൂരിലുള്ള മാർത്തോമ്മാ ശ്ലീഹായുടെ കബറിടം കാണ്മാൻ പോയി. കെ. സി. കുരുവിളയാണ് ടിയാന്റെ കാറിൽ ഞങ്ങളെ കൊണ്ടുപോയത്. കബറുങ്കൽ പോയി പ്രാർത്ഥന കഴിഞ്ഞശേഷം കുരുവിളയുടെ വീട്ടിൽ പോയി പ്രാർത്ഥന നടത്തി. അനന്തരം പല സ്ഥലങ്ങളും ടിയാൻ ഞങ്ങളെ കൊണ്ടുപോയി കാണിച്ചു. അഞ്ചര മണിക്ക് തിരിച്ച് പള്ളിയിലെത്തി. സന്ധ്യാനമസ്കാരത്തിനും കുറെ ആളുകൾ പള്ളിയിൽ വന്നിരുന്നു.

1-12-1951. മദ്രാസ്. രാവിലെ ദീവന്നാസ്യോസ് മെത്രാച്ചൻ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന കഴിഞ്ഞ് പല ആളുകളും നമ്മെ വന്നു കണ്ടു. ഉച്ചകഴിഞ്ഞ് അഞ്ചു മണിക്ക് മെമ്മോറിയൽ ഹാളിൽ വച്ച് നമ്മുടെ ബഹുമാനാർത്ഥം കൂടിയ മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി നാമും മെത്രാച്ചനും കൂടി പോയി. ഹാൾ നിറയെ ആളുകൾ സംബന്ധിച്ചിരുന്നു. റവ. ചെല്ലപ്പാ നമ്മുടെ സഭയെപ്പറ്റിയും മറ്റും വളരെ കാര്യമായി പ്രസംഗിച്ചു. അനന്തരം നാമും മെത്രാച്ചനും പ്രസംഗിച്ചു. വിഭവസമൃദ്ധമായ കാപ്പിസൽക്കാരവും ഉണ്ടായിരുന്നു. ആറു മണിക്ക് തിരിച്ചെത്തി.

2-12-51. മദ്രാസ്. രാവിലെ നാമും മെത്രാച്ചനും കാരിക്കോട്ടച്ചനും കൂടി മൂന്നുമ്മേൽ കുർബ്ബാന അർപ്പിച്ചു. ആയിരത്തിൽപരം ആളുകൾ കുർബ്ബാനയിൽ സംബന്ധിച്ചിരുന്നു. പല സായിപ്പന്മാരും കുർബ്ബാന കാണ്മാൻ വന്നിരുന്നു. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. പതിനൊന്നരയ്ക്ക് കുർബ്ബാന അവസാനിച്ചു. മൂന്നു മണിക്ക് കെ.എം. ഉമ്മൻ കാറുമായി വന്നു. നാമും മെത്രാച്ചനും മറ്റും കൂടി ടിയാന്റെ അനുജന്റെ കബറിടം സന്ദർശിച്ചുപ്രാർത്ഥന നടത്തി. മാമ്മൻ മാപ്പിളയും ഭാര്യയും ഉമ്മച്ചനും കെ. എം. ചെറിയാനും പീലിക്കുട്ടിയും അവരുടെ ഭാര്യമാരും മക്കളും മറ്റും ശവക്കോട്ടയിൽ വന്നിരുന്നു.

അതിനുശേഷം മി. മാണിയുടെ കാറിൽ ടിയാന്റെ ഓഫീസിൽ പോയി പ്രാർത്ഥന നടത്തി. ജോലിക്കാരും മറ്റു പലരും അവിടെ കൂടിയിരുന്നു. അഞ്ചരയ്ക്ക് ഇവിടെ എത്തി. സണ്ടേസ്കൂൾ മീറ്റിംഗിൽ മെത്രാച്ചൻ പ്രസംഗിച്ചു.

3-12-1951. മദ്രാസ്. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനയ്ക്കു ശേഷം കുരുവിളയുടെയും, മാണിയുടെയും കുട്ടികളെ മാമോദീസാ മുക്കി. മൂന്നു മണിക്ക് മാമ്മൻ മാപ്പിളയുടെ കൊച്ചുമകന്റെ വിവാഹം നടത്തിക്കൊടുത്തു. തുമ്പമൺ എം. ജി. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ സ്കറിയായുടെ മകളാണ് പെണ്ണ്. തുമ്പമൺ നിന്നും പലരും വന്നിരുന്നു. പള്ളി നിറയെ പല മാന്യന്മാരും പല സമുദായങ്ങളിൽ നിന്നും വന്നിരുന്നു. മാമ്മൻ മാപ്പിളയും ഭാര്യയും നേരത്തെ വന്നിട്ടുണ്ടായിരുന്നു.

4-12-1951. മദ്രാസ്. രാവിലെ 7.30-നുള്ള ബോംബെ എക്സ്പ്രസിൽ ബോംബെയ്ക്ക് തിരിച്ചു. സ്റ്റേഷനിൽ വികാരിയും സെക്രട്ടറിയും പള്ളിക്കാരിൽ പലരും മാമ്മൻ മാപ്പിളയും മറ്റും വന്നിരുന്നു. മെത്രാച്ചനും നമ്മോടുകൂടി ട്രെയിനിൽ ഉണ്ടായിരുന്നു. രാത്രിയിലും ട്രെയിനിലായിരുന്നു. ഇടയ്ക്ക് പല സ്റ്റേഷനിലും നമ്മുടെ ആളുകൾ വന്നു നമ്മെ കണ്ടുകൊണ്ടിരുന്നു.

5-12-1951. ബോംബെ. രാവിലെ പൂനായിൽ ട്രെയിൻ എത്തിയപ്പോൾ നമ്മുടെ ആളുകളിൽ പലരും വന്നു നമ്മെ കണ്ട് പതിനാറിന് ഞായറാഴ്ച പൂനയിൽ കുർബ്ബാന അർപ്പിക്കത്തക്കവണ്ണം നാം നേരത്തെ അവിടെ എത്തണമെന്ന് അറിയിച്ചു. ബോംബെയിൽ എത്തിയശേഷം വിവരം അറിയിക്കാമെന്ന് നാം മറുപടി പറഞ്ഞു. ഉച്ചയ്ക്ക് രണ്ടു മണിക്ക് ബോംബെ വി. ടി. സ്റ്റേഷനിൽ എത്തി. വലിയ ജനക്കൂട്ടം നമ്മെ കാത്തുനിന്നിരുന്നു. വികാരി കോശി കത്തനാർ നമ്മെയും മെത്രാച്ചനെയും ഹാരമണിയിച്ചു സ്വീകരിച്ചു. അവിടെനിന്നും പാപ്പച്ചന്റെ കാറിൽ ബിഷപ്പ് ലാഷിന്റെ അരമനയിൽ എത്തി. ബിഷപ്പ് അവിടെ ഉണ്ടായിരുന്നു. വളരെ സന്തോഷത്തോടുകൂടി നമ്മെ അദ്ദേഹം സ്വീകരിച്ച് നമുക്ക് താമസിക്കുന്നതിനുള്ള മുറികളും മറ്റും കാണിച്ചുതന്നു. വളരെ സൗകര്യത്തിന് മുറികളും കക്കൂസും കുളിമുറിയും മറ്റും ഉണ്ട്. വിശ്രമിച്ചശേഷം അഞ്ചര മണിക്ക് പുതുതായി പണികഴിപ്പിച്ചിട്ടുള്ള പള്ളിയിലേക്ക് പോയി. മെത്രാച്ചനും വന്നിരുന്നു. നമസ്കാരം നടത്തി. പത്തുനൂറു പേർ പള്ളിയിൽ വന്നിരുന്നു. നമസ്കാരം കഴിഞ്ഞ് പതിനഞ്ച് മിനിറ്റ് നേരം പ്രസംഗിച്ചു. എട്ടര മണിക്ക് തിരിച്ച് ഇവിടെ ബിഷപ്പ്സ് ഹൗസിൽ എത്തി. രാത്രി താമസിച്ചു. ബിഷപ്പ് വന്ന് വളരെ സമയം പല സംഗതികളെക്കുറിച്ച് പറഞ്ഞു. മെത്രാച്ചൻ അവ പൊരുളുതിരിച്ച് പറഞ്ഞുകൊണ്ടിരുന്നു.

6-12-1951. ബോംബെ. രാവിലെ പല ആളുകളും നമ്മെ വന്നു സന്ദർശിച്ചുകൊണ്ടിരുന്നു. നാട്ടുകാരായ നമ്മുടെ ആളുകൾക്ക് വലിയ സന്തോഷവും താല്പര്യവും ഉണ്ടായിട്ടുണ്ട്. ആറു മണിക്ക് ബിഷപ്പിന്റെ വകയായി ഇവിടെവച്ച് നമ്മുടെ ബഹുമാനാർത്ഥം ഒരു ടീപാർട്ടി നടത്തി. നാമും മെത്രാച്ചനും പോയിരുന്നു. പല മഹാന്മാരായ ആളുകളും ബിഷപ്പിന്റെ ക്ഷണപ്രകാരം വന്നിരുന്നു. അവരെയെല്ലാം ബിഷപ്പ് നമ്മെ പരിചയപ്പെടുത്തുകയും നമ്മെ അവർക്കു പരിചയപ്പെടുത്തുകയും ചെയ്തു. ഒരു മണിക്കൂർ നേരത്ത് പാർട്ടി ഉണ്ടായിരുന്നു.

7-12-1951. രാവിലെ പള്ളിയിൽ പോയി. വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ മദ്ബഹായുടെ കല്ലിടീൽ ശുശ്രൂഷ നടത്തി. 75 പേരോളം ഇതിൽ സംബന്ധിച്ചു. തോട്ടയ്ക്കാട്ടുകാരൻ ഫീലിപ്പോസ് അച്ചനും ഈ ചടങ്ങുകളിൽ സംബന്ധിപ്പാൻ നേരത്തെ വന്നിരുന്നു. നമ്മുടെ പള്ളി 75000-ത്തിൽപരം രൂപാ ചിലവാക്കി പണിതതാണ്. ചെറുതെങ്കിലും വളരെ മനോഹരമായും പ്ലെയിനായും പണികഴിപ്പിച്ചിട്ടുണ്ട്. പള്ളിയുടെ സമീപം ഒരു ചെറിയ കെട്ടിടം ഉണ്ട്. രണ്ടു മുറിയും ഒരു കുളിമുറിയും കക്കൂസും ഉണ്ട്. അവിടെ വികാരി ടി. ജി. കോശി കത്തനാർ താമസിക്കുന്നു.

അഞ്ചര മണിക്ക് നമസ്കാരത്തിനു പള്ളിയിൽ പോയി. നമസ്കാരം കഴിഞ്ഞ് ഇന്നും നാം പ്രസംഗിക്കണമെന്ന് ആളുകൾക്ക് അത്യധികം ആഗ്രഹമുണ്ടെന്ന് അച്ചൻ അറിയിച്ചതിനാൽ ഒരു ചെറിയ പ്രസംഗം ചെയ്തു. ഇന്ന് നമ്മെ ഇൻസുലിൻ കുത്തിവച്ചു. എട്ടരയ്ക്ക് തിരിച്ച് ഇവിടെ എത്തി.

8-12-1951. ബോംബെ. ഇന്നും പല ആളുകളും നമ്മെ വന്നു കണ്ടുകൊണ്ടിരുന്നു. ജോൺ ക്ലേറിയും അവന്റെ സഹോദരിയും അളിയനും വന്നിരുന്നു. ജോണിനെ നാം പ്രത്യേകം ഗുണദോഷിക്കയും ശാസിക്കയും ചെയ്തു.

പൂനയിലും മറ്റു സ്ഥലങ്ങളിലും പാർക്കുന്ന നമ്മുടെ ആളുകളുടെ ഉപയോഗത്തിനായി സി.എം.എസ്. പള്ളി അനുവദിക്കുന്നതിനെപ്പറ്റി ബിഷപ്പും നാമും മെത്രാച്ചനും കോശി കത്തനാരും കൂടി ചിലതെല്ലാം ആലോചിച്ചു.

മൂന്നര മണിക്ക് റിസപ്ഷൻ മീറ്റിംഗിലും സെയിലിലും മറ്റും സംബന്ധിക്കുന്നതിനായി റോബർട്ട്മണി സ്കൂളിലേക്കു പോയി. മെത്രാച്ചനും കൂടെ ഉണ്ടായിരുന്നു. ഫോർഡ് കമ്പനിക്കാർ നമ്മുടെ ഉപയോഗത്തിനായി നാം ഇവിടെ നിന്നും പോകുന്ന വരത്തേക്കും ഒരു പുതിയ വലിയ വണ്ടി ഇങ്ങോട്ടു കൊടുത്തയച്ചിട്ടുണ്ട്. മീറ്റിംഗ് സ്ഥലത്തേക്ക് നാം എത്തിയപ്പോഴേക്കും മൂന്നു മിനിറ്റ് മുമ്പ് ബോംബെ ഗവർണർ ശ്രീ. മഹാരാജ് സിംഗും അവിടെ എത്തിയിരുന്നു. 4.15-നു മീറ്റിംഗ് ആരംഭിച്ചു. വലിയ ആൾക്കൂട്ടം ഉണ്ടായിരുന്നു. റോമ്മൻ കത്തോലിക്കരൊഴിച്ച് ബോംബെയിലുള്ള മറ്റെല്ലാ ക്രിസ്തീയ വിഭാഗങ്ങളും ഈ സ്വീകരണ മീറ്റിംഗിൽ സംബന്ധിച്ചിരുന്നു. അച്ചാമ്മ (ഇലഞ്ഞിക്കൽ ജോൺ വക്കീലിന്റെ മകൾ അച്ചാമ്മ ജോൺ മത്തായി. ഇന്ത്യയിലെ ആദ്യ ധനകാര്യ മന്ത്രിയും മലങ്കര സഭാംഗവുമായ ജോൺ മത്തായിയുടെ ഭാര്യ. രണ്ടു പേരെയും ഈ ദൈവാലയത്തിന്റെ സെമിത്തേരിയിലാണ് കബറടക്കിയിരിക്കുന്നത് - എഡിറ്റർ) സ്വാഗതപ്രസംഗം നടത്തി. അനന്തരം ഗവർണർ അദ്ധ്യക്ഷസ്ഥാനത്തു നിന്നും സ്വല്പസമയം പറഞ്ഞു. കൂടുതൽ സംഗതികൾ അവസാനം പറയാമെന്നു പറഞ്ഞ് പ്രസംഗം അവസാനിപ്പിച്ചു. അതിനുശേഷം Mr. J. S. S. Malelu (പ്രമുഖ ബാങ്കറും ബോംബെ വൈ.എം.സി.എ. പ്രസിഡണ്ടുമായിരുന്നു ആ സമയത്ത്. പിന്നീട് ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ഓണററി പ്രസിഡണ്ടും കാസായുടെ ഡയറക്ടറുമായി സേവനമനുഷ്ഠിച്ചു. - എഡിറ്റർ), Rt. Rev. Dr. James Kellock (Principal of Wilson College, Bombay - Editor), Bombay Bishop Lash (William Quinlan Lash: Anglican Bishop of Bombay - Editor) എന്നിവർ ഓർത്തഡോക്സ് സിറിയൻ ചർച്ചിനെക്കുറിച്ചും സഭകളുടെ ഒന്നിപ്പിനെപ്പറ്റിയും മറ്റും പ്രസംഗിച്ചു. പിന്നീട് നമ്മുടെ മറുപടി പ്രസംഗമായിരുന്നു. ആദ്യമായി ഗവർണറും ഭാര്യയും നമ്മെ സ്വീകരിക്കുന്നതായ ഈ മീറ്റിംഗിൽ സന്നിഹിതരായിരിക്കുന്നതിൽ അവരോടുള്ള നമ്മുടെ സന്തോഷത്തെ പ്രദർശിപ്പിക്കുകയും നമ്മുടെ സഭയെപ്പറ്റി ഒരു ചുരുങ്ങിയ വിവരണം പറയുകയും, എല്ലാ സഭകളും തമ്മിലുള്ള യോജിപ്പ് അത്യാവശ്യമാണെന്നും, എന്നാൽ കാനോനാകൾക്കും ചട്ടംകെട്ടുകൾക്കും വിശ്വാസത്തിനും യാതൊരു വ്യത്യാസവും വരുത്താതെ പൂർവ്വിക പിതാക്കന്മാർ നമ്മെ ഭരമേല്പിച്ചിട്ടുള്ളപ്രകാരം അതേപടി നടത്തിക്കൊണ്ടുപോകുന്ന സഭ "ഓർത്തഡോക്സ് സിറിയൻ സഭ" ആണെന്നും, കിഴക്കിന്റെ കാതോലിക്കാ മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമിയാണെന്നും, നിഖ്യാ സുന്നഹദോസിനു മുമ്പുതന്നെ ഈ സിംഹാസനം ഉണ്ടായി എന്നും, നിഖ്യായിൽ, റോമ്മാ, അലക്സന്ത്രിയ, അന്ത്യോഖ്യാ, കുസ്തന്തീനോപ്പോലീസ് ഈ സ്ഥലങ്ങളിലേക്ക് നാലു പാത്രിയർക്കീസന്മാരെ നിയമിക്കയും കിഴക്കുള്ള മറ്റ് സ്ഥലങ്ങളിലേക്കു മുൻ കാതോലിക്കായെ അധികാരപ്പെടുത്തുകയും ചെയ്തിട്ടുള്ളതാകുന്നു എന്നും, പല സഭകൾ തമ്മിൽ പിരിഞ്ഞുപോയത് വിശ്വാസത്തിന്റെ പേരിലല്ല, പിന്നെയോ അധികാരമോഹം കൊണ്ടാണെന്നും, അവയെല്ലാം കളഞ്ഞ് പഴയ സത്യത്തെ നാം മുറുകെപിടിച്ച് പഴയ സഭയുമായി ചേർന്ന് കാതോലിക്കാ സിംഹാസനത്തിൻകീഴിൽ വരേണ്ടത് അത്യാവശ്യമാണെന്നും മറ്റും പറഞ്ഞുകൊണ്ടും എല്ലാവർക്കും ഒന്നുകൂടി നന്ദി പറഞ്ഞുകൊണ്ടും അവസാനിപ്പിച്ചു. ദീവന്നാസ്യോസ് മെത്രാച്ചൻ പ്രസംഗം ഇംഗ്ലീഷിൽ തർജ്ജമ ചെയ്തു പറഞ്ഞു.

പിന്നീട് നടന്നത് ഗവർണറുടെ പ്രസംഗമായിരുന്നു. അദ്ദേഹം തന്റെ പ്രസംഗത്തിൽ എല്ലാ സഭകളും His Holiness നെ സ്വീകരിക്കുന്നതിൽ സഹകരിക്കുന്നു എന്നറിയുന്നതിൽ താൻ സന്തോഷിക്കുന്നുണ്ടെങ്കിലും ഒരു കൂട്ടർ ഞാൻ പേരു പറയുന്നില്ല (റോമൻ കത്തോലിക്കർ) ഇതിൽ സഹകരിക്കുന്നില്ലെന്നറിയുന്നതിൽ തനിക്കു വളരെ സങ്കടമുണ്ടെന്നും, അതിനെപ്പറ്റി അധികമായി ഒന്നും പറയുന്നില്ലെന്നും മറ്റും പ്രത്യേകം എടുത്തു പറഞ്ഞു. ഇന്ത്യയിലെ എല്ലാ സഭകളും തമ്മിൽ യോജിച്ചു കാണ്മാൻ വളരെ ആഗ്രഹിക്കുന്നെന്നും വ്യക്തിപരമായി പറഞ്ഞാൽ ഏതു പള്ളിയിലും പോയി ആരാധനകളിൽ സംബന്ധിക്കുന്നതിന് തനിക്ക് ഇഷ്ടമാണെന്നും ഒന്നിനെയും ദ്വേഷിക്കുന്നില്ലെന്നും മറ്റും അദ്ദേഹം പ്രസ്താവിച്ചു. ബോംബെയിലെ നമ്മുടെ പള്ളിയെപ്പറ്റിയും, നമ്മുടെ ആളുകളെപ്പറ്റിയും മറ്റും കുറച്ചുസമയം ശ്ലാഘ്യമായി പറഞ്ഞശേഷം പ്രസംഗം അവസാനിപ്പിച്ചു.

കൃതജ്ഞതാ പ്രകാശനത്തിനു ശേഷം മീറ്റിംഗ് അവസാനിച്ചു. പിന്നീട് ഗവർണറും ഭാര്യയും നാമും മെത്രാച്ചനും കൂടി കൗതുകവില്പനയ്ക്കു വന്നിട്ടുള്ള സാധനങ്ങൾ സന്ദർശിച്ചു. അഞ്ചര മണിക്കു പള്ളിയിൽ പോയി നമസ്കാരശേഷം പള്ളികൂദാശയുടെ ആദ്യഭാഗം നിർവ്വഹിച്ച ശേഷം തിരിച്ച് ഒമ്പതു മണിക്കു ഇവിടെ എത്തി.

9-12-1951. ബോംബെ. രാവിലെ പള്ളിയിൽ പോയി. ഏഴേകാലിനു നമസ്കാരം ആരംഭിച്ചു. ഏഴരയ്ക്കു പള്ളികൂദാശ ആരംഭിച്ചു (ബിഷപ്പ് ലാഷും ഗവർണരും ഭാര്യയും വിൽസൺ കോളജ് പ്രിൻസിപ്പൽ റവ. കെല്ലറും ഭാര്യയും കൂദാശ കാണുന്നതിന് പള്ളിയിൽ വന്നിരുന്നു. ബിഷപ്പ് വി. കുർബ്ബാനയും കഴിഞ്ഞാണ് പോയത്.). പത്തര മണിക്ക് കൂദാശ അവസാനിച്ചു. അനന്തരം കുർബ്ബാനയ്ക്കു ആരംഭിച്ചു. 12 മണിക്കു കുർബ്ബാന അവസാനിച്ചു. കാപ്പി കഴിഞ്ഞ് ഇവിടേക്കു പോന്നു. ഇന്നത്തെ കാണിക്ക 500-ൽപരം രൂപായും ഇന്നലത്തെ വില്പനയുടെ പണം അയ്യായിരം രൂപായും ഉണ്ടായിരുന്നു. ഇന്ന് പല സഭകളിൽ നിന്നുമായി ആയിരത്തിൽപരം ആളുകൾ പള്ളിയിൽ വന്നിരുന്നു.

ഉച്ചകഴിഞ്ഞ് നാലരയ്ക്കു പള്ളിയിൽ പോയി. നമ്മുടെ ആളുകൾ മിക്കവാറും അവിടെ കൂടിയിരുന്നു. അഞ്ചര മണിക്കു പള്ളിയുടെ ഒരു പൊതുയോഗം കൂടി. സ്വാഗതപ്രസംഗ ശേഷം വികാരിയച്ചനും നാമും മെത്രാച്ചനും ഓരോ പ്രസംഗം ചെയ്തു. സെക്രട്ടറി റിപ്പോർട്ടിന്റെ ചുരുക്കം പറഞ്ഞു. എട്ടു മണിക്ക് മീറ്റിംഗ് അവസാനിച്ചു. അനന്തരം സന്ധ്യാനമസ്കാരം കഴിഞ്ഞ് എല്ലാവരും പിരിഞ്ഞു. ഒമ്പതര മണിക്ക് തിരിച്ച് ഇവിടെ എത്തി.

10-12-1951. ബോംബെ. ഇന്നു രാവിലെ പല ആളുകളും വന്ന് നമ്മെ കണ്ടു. അർമ്മീനിയൻ പള്ളിയിലെ മാനേജർ സായിപ്പ് വന്ന് നമ്മെ അങ്ങോട്ടു ക്ഷണിച്ചു. നാളെ ചെല്ലാമെന്ന് നാം സമ്മതിച്ചു. നാലരയ്ക്കു നമ്മുടെ ബഹുമാനാർത്ഥം ഗവർണർ ഗവണ്മെന്റ് ഹൗസിൽ വച്ചു നടത്തുന്ന മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി നാമും മെത്രാച്ചനും ബിഷപ്പ് ലാഷും കൂടി പോയി. അഞ്ചു മണിക്ക് അവിടെ എത്തി. ഗവർണ്ണറും ഭാര്യയും വന്ന് നമ്മെ വളരെ സന്തോഷത്തോടു കൂടി സ്വീകരിച്ചു. ഇതിൽ സംബന്ധിക്കുന്നതിനായി ഗവർണ്ണരുടെ ക്ഷണമനുസരിച്ച് ബോംബെ ആർച്ച് ബിഷപ്പ് ഗ്രേഷ്യസ്, ബിഷപ്പ് ലാഷ്, ഫാ. ടി. ജി. കോശി, ഫാ. ഫീലിപ്പോസ്, ഫാ. അലക്സാണ്ടർ (മാർത്തോമ്മാ), റവ. ഡോ. കെല്ലർ, മിസ്റ്റർ & മിസ്സിസ് മലേലു, മിസ്സിസ് ജോൺ മത്തായി, മിസ്റ്റർ & മിസ്സിസ് കെ. എം. ഫിലിപ്പ്, മിസ്റ്റർ & മിസ്സിസ് ടി മത്തായി ആദിയായി അമ്പതിൽപരം ആളുകൾ സംബന്ധിച്ചു. ഗവർണ്ണരും ഭാര്യയും നമ്മുടെ അടുക്കൽ വന്ന് ഇന്നലത്തെ പള്ളി കൂദാശയുടെ ശുശ്രൂഷയെപ്പറ്റിയും, വയസ്സനായ നാം ഇതു മുഴുവൻ വിശ്രമം കൂടാതെ നിർവ്വഹിച്ചതിനെപ്പറ്റിയും മറ്റും വളരെ ശ്ലാഘനീയമായി പറഞ്ഞു. റാണി അത്യധികം സന്തോഷവതിയായി കാണപ്പെട്ടു. നമ്മുടെ കുർബ്ബാന കാണുന്നതിനും അത് അനുഭവിക്കുന്നതിനും, നമ്മുടെ സഭയുമായി യോജിച്ചു നടക്കുന്നതിനും അവർക്ക് വലിയ ആഗ്രഹമുണ്ടെന്നും മറ്റും പറഞ്ഞു. അനന്തരം ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു. അതു കഴിഞ്ഞ് നമ്മെ കൈയ്ക്കു പിടിച്ച് കൊണ്ടുപോയി ഇരുത്തിയത് അവർ തന്നെയായിരുന്നു. അവിടെ കൂടിയിരുന്ന എല്ലാവരെയും നമുക്ക് പരിചയപ്പെടുത്തുകയും നമ്മെ അവർക്കു പരിചയപ്പെടുത്തുകയും ചെയ്തു. വളരെ സന്തോഷകരമായ ഒരു പാർട്ടിയായിരുന്നു ഇന്നത്തേത്. ആറരയ്ക്കു എല്ലാം അവസാനിച്ച് തിരിച്ചുപോന്നു. വൈകിട്ടും പലരും ഇവിടെ വന്നിരുന്നു.

(തുടരും)

ചരിത്രരേഖകൾ

യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ പ്രസംഗം



മലങ്കര അസ്സോസ്യേഷനാൽ തെരഞ്ഞെടുക്കപ്പെട്ട് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിനാൽ സ്ഥിരീകരിക്കപ്പെട്ടതനുസരിച്ച് പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ, കോലഞ്ചേരി പള്ളിയിൽ വച്ച് മെത്രാൻ സ്ഥാനത്തേക്കു അവരോധിക്കപ്പെട്ട ബലഹീനനായ നാം കൊച്ചി ഭദ്രാസനത്തിന്മേൽ പ. സുന്നഹദോസിനാൽ നിയമിക്കപ്പെട്ടതിന്റെ ഫലമായി ഇന്നേ ദിവസം ഇവിടെ ആഗതനാകുവാനും സിംഹാസന പ്രതിഷ്ഠിതനാകുവാനും ഇടയാക്കിയ ദൈവംതമ്പുരാനെ ആദ്യമായി സ്തോത്രം ചെയ്തുകൊള്ളുന്നു. മേല്പട്ടസ്ഥാനാഭിഷേകത്തിന്റെയും, ഈ സുന്ത്രോണീസ്സോ (സിംഹാസനാരോഹണം) യുടെയും നിർവ്വഹണം ഇത്രത്തോളം വിജയപ്രദമാക്കുവാൻ കഷ്ടതകളും ത്യാഗങ്ങളും സഹിക്കുകയും, ഉപദേശങ്ങളും അനുഗ്രഹാശിസ്സുകളും തന്ന് നമ്മെ ധന്യനാക്കുകയും ചെയ്ത പ. ബാവാ തിരുമേനിയോടും, അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിമാരോടുമുള്ള നമ്മുടെ കടപ്പാടുകൾ നാം അനുസ്മരിക്കുകയും അവരോടുള്ള കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തുകൊള്ളുന്നു. ഈ ഭദ്രാസനത്തിന്റെ പാരമ്പര്യത്തിനും അന്തസ്സിനും അനുയോജ്യമായവിധം ഒരു സ്വീകരണം നൽകി നമ്മെ ബഹുമാനിച്ച ഈ ഭദ്രാസനത്തിലെ കാര്യനിർവ്വാഹകസമിതിയോടും, ബഹു. അച്ചന്മാരോടും, മറ്റ് ഭദ്രാസന പ്രതിനിധികളോടും, വിശ്വാസികളായ ജനങ്ങളോടുമുള്ള കൃതജ്ഞതയെയും നാം പ്രദർശിപ്പിക്കുകയും, അവർക്ക് എല്ലാവിധ സ്വർഗ്ഗീയാനുഗ്രഹങ്ങളും പ്രദാനം ചെയ്യുന്നതിന് സർവ്വശക്തനോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മലങ്കരസഭയിൽ കൊച്ചി മെത്രാസനത്തിനുള്ള സ്ഥാനം

മലങ്കര സുറിയാനി സഭയുടെ ഭൂതകാലചരിത്രത്തിൽ സുപ്രധാനമായ ഒരു സ്ഥാനമാണ് കൊച്ചി ഭദ്രാസനത്തിനുള്ളത്. ദീർഘകാലം ഈ മെത്രാസനം മലങ്കര മെത്രാപ്പോലീത്തന്മാരുടെ നേരിട്ടുള്ള ഭരണത്തിൽ ഇരുന്നിരുന്നു. മലങ്കരസഭയിൽ സമാധാനം ഉണ്ടാകുന്നതിനു മുമ്പ് ഒരു വിഭാഗത്തുള്ള പള്ളികൾ കാലം ചെയ്ത പ. കാതോലിക്കാബാവാ തിരുമനസ്സിലെ കീഴിലും മറ്റേ വിഭാഗത്തിലുള്ള പള്ളികൾ കാലംചെയ്ത അഭിവന്ദ്യനായ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ കീഴിലും, പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ തിരുമേനി അഭിഷിക്തനായശേഷം അദ്ദേഹത്തിന്റെ അധികാരത്തിൻകീഴിലും ഭരിക്കപ്പെട്ടുവരവേ, സഭാസമാധാനമുണ്ടായതിനു ശേഷം കൊച്ചി ഭദ്രാസനമാകമാനം തിരുമനസ്സിലെ ഭരണത്തിൽ ഉൾപ്പെട്ടു പുരോഗമിച്ചുകൊണ്ടിരുന്നു. തിരുമനസ്സിലെ ആകസ്മികമായ വിയോഗം മൂലം വൈധവ്യത്തിലായ കൊച്ചി ഭദ്രാസനത്തിന്റെ ഭരണം, കാലം ചെയ്ത പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ അസിസ്റ്റന്റെന്നുള്ള നിലയിൽ തുമ്പമൺ ഭദ്രാസനയിടവകയുടെ ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമേനി നിർവ്വഹിച്ചുപോന്നു. ഇപ്പോഴത്തെ പ. കാതോലിക്കാ ബാവാ തിരുമേനിയുടെ സ്ഥാനാരോഹണശേഷം തിരുമനസ്സിലെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ കഴിഞ്ഞുവരുന്ന വേളയിലാണ് ഇതിന്റെ ഭരണാധികാരിയായി ബലഹീനനായ നാം നിയമിക്കപ്പെട്ടിരിക്കുന്നത്. കഴിഞ്ഞുപോയ പുണ്യശ്ലോകരായ പിതാക്കന്മാരുടെ സേവനങ്ങളെ ഓർത്ത് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, ജീവിച്ചിരിക്കുന്ന പിതാക്കന്മാരുടെ ആശംസാനുഗ്രഹങ്ങൾക്കായി അഭ്യർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.


മലങ്കരസഭയ്ക്ക് മഹത്തായ സംഭാവന

ഈ ഭദ്രാസനത്തിൽപ്പെട്ട കുന്നങ്കുളം ഇടവക രണ്ടു മലങ്കര മെത്രാപ്പോലീത്തന്മാർക്കു ജന്മം നൽകിയ പുരാതന ക്രിസ്തീയ കേന്ദ്രമാണ്. അവരിരുവരും മലങ്കരസഭയ്ക്കു നൽകിയ നിസ്തുല സേവനങ്ങൾ മലങ്കരസഭ നിലനിൽക്കുന്നിടത്തോളം കാലം കീർത്തിക്കപ്പെടുക തന്നെ ചെയ്യും. അതിൽ ആദ്യത്തെ വന്ദ്യ ദേഹം കോട്ടയം പഴയ സിമ്മനാരി സ്ഥാപകൻ എന്ന അപരാഭിധാനത്തിൽ അറിയപ്പെടുന്ന പുലിക്കോട്ടിൽ ഒന്നാമത്തെ മാർ ജോസഫ് ദീവന്നാസ്യോസാണ്. വൈദിക വിദ്യാഭ്യാസത്തിനുവേണ്ടി ദീർഘദൃഷ്ടിയോടു കൂടി അദ്ദേഹം ചെയ്ത അദ്ധ്വാനത്തിന്റെ ഫലമായി സ്ഥാപിതമായ കോട്ടയം പഴയ സിമ്മനാരി അദ്ദേഹത്തിന്റെ ശാശ്വതസ്മാരകമായി നിലകൊള്ളുന്നു. അദ്ദേഹം വിഭാവനം ചെയ്ത ആശയങ്ങൾ വികസിച്ച് ഇന്ന് അത് ഒരു ബി.ഡി. കോളജ് ആയി ഉയർത്തപ്പെട്ടിരിക്കയാണ്. രണ്ടാമത്തെ വന്ദ്യ ദേഹം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുവേണ്ടി എം.ഡി. സിമ്മനാരി സ്ഥാപിച്ച പുലിക്കോട്ടിൽ രണ്ടാമത്തെ മാർ ജോസഫ് ദീവന്നാസ്യോസാണ്. അതും വികസിച്ച് ഒരു കോളജായി രൂപാന്തരപ്പെട്ടിരിക്കുന്നു. മാത്രമല്ല, ഒരു ശതാബ്ദത്തിനു മുമ്പ് മലങ്കരസഭയിൽ ഉണ്ടായ വിപ്ലവത്തിന്റെയും നവീകരണപ്പിശറുകളുടെയും ആഞ്ഞടിയിൽ നിന്നു സഭാനൗകയെ സമർത്ഥമായ സാരഥ്യത്തോടു കൂടി നയിച്ചതും പ്രസ്തുത ദീവന്നാസ്യോസ് തിരുമേനി ആയിരുന്നു. മലങ്കരസഭയുടെ മഹാപരിശുദ്ധനായി സർവ്വാദരണീയനായ പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ഈ ഭദ്രാസനത്തിൽപ്പെട്ട മുളന്തുരുത്തി ഇടവകാംഗമായിരുന്നു എന്നുള്ളത് ആ പള്ളിക്കും ഈ ഭദ്രാസനത്തിനും എന്നും അഭിമാനകരമത്രെ. അദ്ദേഹം മാർ ജോസഫ് ദീവന്നാസ്യോസിന്റെ വലങ്കൈ ആയി നിന്ന് പരുമല സിമ്മനാരി സ്ഥാപനം, വൈദിക പരിശീലനപ്രവർത്തനം എന്നിവയാൽ തെക്കൻ ഭദ്രാസനങ്ങളുടെ താങ്ങും തണലുമായി പരിശോഭിച്ചു. പൊതുസമുദായ സേവനതല്പരനായിരുന്ന മാർ കൂറിലോസ് മെത്രാപ്പോലീത്താ (പാണമ്പടി പള്ളിയിൽ കബറടങ്ങിയിരിക്കുന്ന തിരുമേനി) യും മുളന്തുരുത്തി പള്ളി ഇടവകാംഗമായിരുന്നു. പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, ഇപ്പോഴത്തെ കണ്ടനാട് ഇടവകയുടെ പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ, മിഷനറി ബിഷപ്പും മലബാറിന്റെ മെത്രാപ്പോലീത്തായുമായ മാർ ഒസ്താത്തി

യോസ് എന്നീ തിരുമേനിമാരും കൊച്ചി ഭദ്രാസനത്തിൽപെട്ടവരാണ്. തെക്കെന്നോ വടക്കെന്നോ, അന്യഇടവകയെന്നോ ഉള്ള ഇടുങ്ങിയ ചിന്താഗതി ലവലേശം സ്പർശിക്കാതെ പ്രസ്താവിത പിതാക്കന്മാർ പൊതുസഭയുടെ ഉൽക്കർഷത്തിനുവേണ്ടി ജീവിതസമർപ്പണം ചെയ്തവരാണ്. അവരുടെ മഹനീയ പാരമ്പര്യങ്ങളെയും ഉൽകൃഷ്ടാശയങ്ങളെയും പിൻഗമിക്കുവാൻ അഭിനവ തലമുറയ്ക്കും കഴിവുണ്ട് എന്നുള്ള ശുഭാപ്തി വിശ്വാസമാണു നമുക്കുള്ളത്. പഴയ കൊച്ചി രാജ്യത്തിന്റെ തലസ്ഥാനമായ തൃപ്പൂണിത്തുറയിലും പരിസരപ്രദേശങ്ങളിലുമുള്ള പുരാതന സുറിയാനി ക്രിസ്ത്യാനികൾ രാജ്യഭക്തിയിലും രാജഭക്തിയിലും ശോഭിച്ചിരുന്നവരും രാജ്യത്തിന്റെ പുരോഗമനത്തിനുവേണ്ടി കൃഷി വാണിജ്യാദികളിലും സൈനിക സേവനത്തിലും അദ്വിതീയ പങ്കു വഹിച്ചിട്ടുള്ളവരുമാണ്. പതിനാറാം നൂറ്റാണ്ടിൽ പോർട്ടുഗീസ് ആഗമനത്തോടു കൂടി ഉണ്ടായ സഭാസംഭവ വികാസങ്ങളിൽ സുധീരമായ നേതൃത്വം കൊടുക്കുന്നതിലും അവർ വിജയിച്ചിട്ടുണ്ട്. കൊച്ചി, എറണാകുളം, തൃശൂർ, കുന്നംകുളം എന്നീ നഗരങ്ങൾ വികസിച്ചുകൊണ്ടിരിക്കുകയും കേരളത്തിന്റെ മാത്രമല്ല, ഭാരതത്തിന്റെ തന്നെ രാഷ്ട്രശില്പവിധാനത്തിൽ സുപ്രധാനമായ പങ്കുവഹിക്കത്തക്കവണ്ണം അനുദിനം വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു എന്നുള്ളത് നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. അതിൽ നമ്മുടെ സമുദായത്തിന്റേതായ മഹനീയ പങ്കു വഹിക്കുന്നതിൽ നാം ഒട്ടും പിന്നോക്കം പോകാതെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പൗലൂസ് മാർ സേവേറിയോസ് തിരുമേനിയുടെ നേതൃത്വം

കർത്താവിൽ സ്നേഹിക്കപ്പെട്ടവരെ, കൊച്ചി ഭദ്രാസനത്തിന്റെ സർവ്വോന്മുഖമായ അഭിവൃദ്ധിക്കും പുരോഗമനത്തിനും വേണ്ടി ജീവിതാർപ്പണം ചെയ്കയും, വാത്സല്യമസൃണമായ പരിചരണങ്ങൾ നൽകി ഇന്നത്തെ നിലയിൽ എത്തിക്കുകയും ചെയ്ത കാലംചെയ്ത പുണ്യശ്ലോകനായ പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ തിരുമേനിയെ അല്പമായിട്ടെങ്കിലും പരാമർശിക്കാതെ കൊച്ചി ഭദ്രാസനത്തെക്കുറിച്ചുള്ള പ്രസ്താവനകൾ പൂർണ്ണമാകുന്നതല്ല. അരശതാബ്ദത്തിനു മേലായി അന്തഃഛിദ്രങ്ങളിലും വ്യവഹാരങ്ങളിലുംപെട്ടു നട്ടംതിരിഞ്ഞിരുന്ന മലങ്കരസഭയിൽ സമാധാനം കൈവന്നു കാണ്മാൻ സഭാഭാസുരൻ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് തിരുമേനി, പൗലൂസ് മാർ അത്താനാസ്യോസ് തിരുമേനി എന്നിങ്ങനെ അനേകം പുണ്യാത്മാക്കൾ ആർത്തിയോടെ ദാഹിച്ചു മോഹിച്ചിരുന്നു. സമാധാനമാകുന്ന വാഗ്ദത്ത ഭൂമി കാണാതെ മോശയെപ്പോലെ ആ പിതാക്കന്മാർ കടന്നുപോയി. എങ്കിലും ദൈവത്തിന്റെ നിർണ്ണയത്തിൽപെട്ട സമയം സമാഗതമായപ്പോൾ 1958 ഡിസംബർ 16–ാം തീയതി അന്ത്യോഖ്യാ സിംഹാസനത്തിന്റെ മാർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമേനിയും, പൗരസ്ത്യ സിംഹാസനത്തിന്റെ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയും പരസ്പര സ്വീകരണം നടത്തി ശത്രുതയുടെ വേലി പൊളിച്ച് ഇരുപക്ഷത്തെയും ഒന്നാക്കിത്തീർത്ത ആ മഹൽ സംഭവം മലങ്കര സുറിയാനി സഭാചരിത്രത്തിലെ ഒരു നവീനാദ്ധ്യായത്തിന്റെ തുടസ്സമായിരുന്നു. ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിച്ചിരിക്കുന്ന ഭൂമി മുൻമഴയുടെ വെള്ളത്തെ ആർത്തിയോടെ ഉൾക്കൊള്ളുന്നതുപോലെ സമാധാനപ്രേമികളായ എല്ലാവരും ആ സംഭവത്തെ സ്വാഗതം ചെയ്ത് ആനന്ദപുളകിതരായി. അവരിൽ മുൻപന്തിയിൽ നിന്നു മാതൃകായോഗ്യമായി അന്ത്യശ്വാസംവരെയും പ്രവർത്തിച്ച മഹാനുഭാവനാണ് കർമ്മധീരനായ പൗലൂസ് മാർ സേവേറിയോസ് തിരുമേനി. ദാഹിച്ചുമോഹിച്ചിരുന്ന സമാധാനം കരഗതമായപ്പോൾ അതു പുലർത്തിക്കൊണ്ടുപോകുന്നതിന് ആ ധീരസേനാനി അരയും തലയും മുറുക്കി കഠിനാദ്ധ്വാനം ചെയ്തു. പോരാട്ടമദ്ധ്യേ വീരചരമം പ്രാപിച്ചു. കൂടുതൽ അദ്ധ്വാനിച്ചു കഷ്ടപ്പെടുന്നതിന് ദൈവം അദ്ദേഹത്തെ അനുവദിക്കാതെ പൂർവ്വപിതാക്കന്മാരുടെ നിരയിലേക്ക് അദ്ദേഹത്തെ വിളിച്ചു ചേർത്തു. അദ്ദേഹത്തിന്റെ അദ്ധ്വാനത്തിന്റെ സൽഫലങ്ങൾ അദ്ദേഹം ആത്മാവിൽ കണ്ടുകൊണ്ട് പുണ്യശ്ലോകരായ പിതാക്കന്മാരോടു കൂടി സന്തോഷിക്കുന്നുണ്ട് എന്നു നാം വിശ്വസിക്കുന്നു. ദൈവം അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നൽകട്ടെ എന്നു പ്രാർത്ഥിക്കാം. അദ്ദേഹം പാലിച്ചിരുന്ന സമാധാനവ്യവസ്ഥയെ അന്യൂനം കാക്കുന്നതിലും, അദ്ദേഹത്തിന്റെ പ്രയത്നഫലങ്ങളായ ഈ കൊരട്ടി സിമ്മനാരിയും, മറ്റു പള്ളികളും, സ്ഥാപനങ്ങളും അദ്ദേഹം വിഭാവനം ചെയ്തിരുന്ന അവസ്ഥയിലേക്ക് ഉയർത്തുന്നതിലും നമുക്കുള്ള പങ്കു വഹിക്കുക എന്നുള്ളതാണ് അദ്ദേഹത്തോടു നമുക്ക് നിറവേറ്റുവാനുള്ള കടപ്പാട് എന്നും ഈയവസരത്തിൽ അനുസ്മരിപ്പിച്ചുകൊള്ളട്ടെ.



സമാധാനത്തിന്റെ ഫലങ്ങൾ നേടിയെടുക്കണം

ഇനിയും നമ്മുടെ സഭയുടെ പൊതുവായ ചില കാര്യങ്ങൾ എടുത്തുപറയേണ്ടിയിരിക്കുന്നു. സഭാസമാധാനം ഉണ്ടായതിന്റെ ഫലങ്ങൾ നാം നേടേണ്ടിയിരിക്കുന്നു. ദീർഘമായ വ്യവഹാരത്തിലും, അന്തഃഛിദ്രത്തിലും കഴിഞ്ഞ സഭയ്ക്കു വന്നുകൂടിയിട്ടുള്ള നഷ്ടങ്ങൾ അനല്പങ്ങളാണ്. അവയെ പരിഹരിക്കുക എന്നതാണ് സഭയുടെ അടിയന്തിര കർത്തവ്യം.

സാമ്പത്തികനഷ്ടവും ദൈവിക കാര്യങ്ങൾ പ്രവർത്തിക്കുന്നതിനു സാധിക്കാത്തതുകൊണ്ടുള്ള നഷ്ടവുമാണ് സഭയെ ബാധിച്ചിട്ടുള്ളത്. സഭാംഗങ്ങളുടെ ധാരണകളിലും ദർശനത്തിലും സംഭവിച്ചിട്ടുള്ള വ്യതിയാനങ്ങളാണ് ഏറ്റവും വലിയ നഷ്ടമായി നമുക്കു കണക്കാക്കുവാനുള്ളത്. സഭയെക്കൊണ്ടും പള്ളികളെക്കൊണ്ടും ഇന്നയിന്ന കാര്യങ്ങൾ നടത്തണമെന്നുള്ള ദൈവോദ്ദേശ്യത്തെയും ദൈവത്തിന്റെ പ്ലാനിംഗിനെയും വിട്ട് സ്വാർത്ഥപരമായ ഉദ്ദേശസാദ്ധ്യത്തിനായി അവയെ ചൂഷണം ചെയ്യുന്ന സമ്പ്രദായം പലയിടത്തും നിലവിലിരിക്കുന്നു. നമുക്കു വന്ന നഷ്ടം ഇതാണ്. ഈ നഷ്ടം പരിഹരിക്കുവാൻ നാം കഠിനാദ്ധ്വാനം ചെയ്യേണ്ടിയിരിക്കുന്നു. ഒരു ആത്മികപുനരുജ്ജീവനവും നവോത്ഥാനവും സമാധാനഫലമായി നാം നേടിയെടുക്കുവാനുണ്ട്.

പൊതുവായ വീക്ഷണം ആവശ്യമാണ്

പള്ളികളെ സംബന്ധിച്ചാണെങ്കിൽ അവ ഏതോ കാലത്ത് എങ്ങനെയോ കടന്നുകൂടിയ ചില സ്വതന്ത്രസ്ഥാപനകളായിട്ടു നിലനിന്നു വരുന്നു എന്ന ധാരണ പലയിടങ്ങളിലുള്ളതായി കാണാം. ഓരോ പള്ളിയും സ്വതന്ത്രമാണെന്നും അതിനുള്ളിലെ കാര്യങ്ങൾ അവിടെയുള്ളവരുടെ സ്വന്തയിഷ്ടം അനുസരിച്ചു മാത്രം നടക്കണമെന്നും മേലധികാരികൾ അവയുടെ ഉള്ളിലുള്ള സംഗതികളിൽ പ്രവേശിക്കരുതെന്നും ഉള്ള ഇടുങ്ങിയ ചിന്താഗതി പ്രത്യക്ഷപ്പെടുന്നുണ്ട്! ഈ Parachealism മാറാതെ സഭ വളരുകയില്ല. ഞങ്ങളുടെ പള്ളി, ഞങ്ങളുടെ പണം എന്ന നില മാറി, നമ്മുടെ പള്ളി, നമ്മുടെ പണം എന്നു പറയുന്ന ഒരു വ്യവസ്ഥിതിയാണ് ഉണ്ടാകേണ്ടത്. ഈ ഭദ്രാസനത്തെ സംബന്ധിച്ചു പറയുമ്പോഴും അതിന്റെ സ്വന്തമായ കാര്യങ്ങളിൽ ശ്രദ്ധിക്കുകയും അതോടൊപ്പം സഭയുടെ പൊതുവായ കാര്യങ്ങളിൽ സഹകരിക്കുകയും ചെയ്യേണ്ടതുണ്ട്.

കാരണം പൊതുസഭയെ വിട്ട് ഒരു ഭദ്രാസനത്തിനോ ഇടവകയ്ക്കോ പല കാര്യങ്ങളിലും തനിയെ നിൽക്കുക സാദ്ധ്യമല്ല. സഭയെ പൊതുവായി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വരുമ്പോൾ ഒറ്റപ്പെട്ടുള്ള നില അപകടമായി ഭവിക്കും.

ധാർമ്മികമായ മുന്നേറ്റത്തിന്റെ ആവശ്യകത

സഭാംഗങ്ങളിൽ ഉണ്ടായിട്ടുള്ള ധാർമ്മികവും ആത്മികവുമായ അധഃപതനം അർബുദ വ്യാധിപോലെ സഭാഗാത്രത്തെ കരണ്ടു നശിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നുള്ള യാഥാർത്ഥ്യം അധികംപേർ കാണുന്നില്ല. ക്രിസ്തീയ മൂല്യങ്ങളോടും ജീവിതത്തിലെ ഘനമേറിയ തത്വങ്ങളോടും വിശ്വാസസംഹിതകളോടും ഉള്ള അവഗണനാമനോഭാവം, നിസ്സാരകാര്യങ്ങൾക്കുവേണ്ടിപ്പോലും മത്സരിക്കുകയും വഴക്കും കേസ്സും നടത്തുകയും ചെയ്യുന്ന ദുർവാസന, പൊതുമുതലുകൾ നിഷ്പ്രയോജനമായി ധൂർത്തടിക്കുന്നതിനുള്ള വ്യഗ്രത എന്നിവ അസമാധാനത്തിന്റെയും അന്തഃഛിദ്രത്തിന്റെയും ഇന്നും അവശേഷിക്കുന്ന വ്യാധികളാണ്. വേദപുസ്തകജ്ഞാനം, പ്രാർത്ഥനാസ്വഭാവം, ജീവിതസമർപ്പണം, വിശ്വാസപരിജ്ഞാനം, സുവിശേഷതാൽപര്യം എന്നിവയിൽ അടിസ്ഥാനപ്പെട്ട ആത്മികവർദ്ധനയിൽ സഭാമക്കളെ വളർത്തേണ്ടതും, അവർക്ക് അതിനു നേതൃത്വം കൊടുക്കത്തക്കവണ്ണം കഴിവുള്ള ഒരു വൈദിക സംഘയത്തെ വാർത്തെടുക്കേണ്ടതും സഭയുടെ അടിയന്തിരാവശ്യമായിത്തീർന്നിരിക്കുന്നു. ഇക്കാര്യത്തിന് ഈ ഭദ്രാസനത്തിന് അതിന്റേതായ പങ്കു വഹിക്കുവാനുണ്ട്.

സാമൂഹ്യസ്ഥിതിയിലും ശാസ്ത്രീയരംഗങ്ങളിലും ലോകം ഇന്നു വലിയൊരു പരിവർത്തനത്തെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. ആസ്തിക്യബോധത്തിന്റെയും മതത്തിന്റെയും നേരെ വെല്ലുവിളികൾ ഉയരുന്നു. മനുഷ്യന് അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങൾക്ക് ഉത്തരം കൊടുപ്പാൻ കഴിയാതെ വരുന്ന ഒരു മതത്തിനും സഭയ്ക്കും നിലനിൽപ്പുണ്ടാകയില്ല. ഭൂതകാല സംഭവങ്ങൾ കഴിഞ്ഞതുപോലെ ഭാവികാലവും കഴിഞ്ഞുകൊള്ളും എന്നുള്ള അലംഭാവത്തോടു കൂടി മതം ഇരുന്നാൽ പോരാ. പ്രത്യുത, മതവും സഭയും സമകാലീന പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കുകയും പഠിക്കുകയും ആധികാരികമായി പോംവഴികൾ നിർദ്ദേശിക്കുകയും ചെയ്യേണ്ട ഘട്ടത്തിൽ വന്നു നിൽക്കുകയാണ്. സഭ ജീവിക്കുകയും ജീവിപ്പിക്കുകയും ചെയ്യുന്നതായിരിക്കണം. ഈ ഒരു ദർശനം സഭയുടെയും ഇടവകകളുടെയും പ്രവർത്തനങ്ങൾക്ക് ലക്ഷ്യമായിത്തീരണം. ഇത്രയും പറഞ്ഞത് സഭയ്ക്ക് ഭാരമേറിയ കർത്തവ്യങ്ങളും ചൂടുപിടിച്ച പ്രശ്നങ്ങളും കിടക്കുമ്പോൾ നിഷ്പ്രയോജനങ്ങളായ സംഗതികളെച്ചൊല്ലി വഴക്കടിക്കുവാനും, കുടിപ്പക വർദ്ധിപ്പിക്കുവാനും, വ്യക്തിവിദ്വേഷം പുലർത്തുവാനും ആരെങ്കിലും മുതിരുന്നുവെങ്കിൽ അത് എത്രയോ ബുദ്ധിഹീനവും ലജ്ജാകരവുമായ സംഗതിയായിരിക്കും എന്ന് ഓർപ്പിക്കുവാൻ വേണ്ടിയാണ്. ഞങ്ങൾ നിങ്ങൾക്കായി കുഴലൂതി, നിങ്ങൾ നൃത്തം ചെയ്തില്ല; ഞങ്ങൾ നിങ്ങൾക്കായി വിലാപം പാടി, നിങ്ങൾ മാറത്തടിച്ചില്ല, എന്നു വിളിച്ചുപറയുന്ന കുട്ടികളുടെ ബാലിശത്വത്തിലേക്കു നാം വഴുതി വീഴാതിരിക്കുവാൻ സൂക്ഷിക്കണം.

നമ്മുടെ വിഭവസാദ്ധ്യതകൾ വിനിയോഗക്ഷമമാക്കണം

സ്നേഹിക്കപ്പെട്ടവരെ, ദൈവം നമ്മുടെ സഭയ്ക്കു തന്നിരിക്കുന്ന വിഭവസാദ്ധ്യതകൾ വളരെയാണ്. അവയെ ഉചിതമായ ചാനലുകളിൽക്കൂടി തിരിച്ചുവിടുവാൻ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ആണ്ടുതോറും ഗണ്യമായ സംഖ്യ മിച്ചംവയ്ക്കുന്ന പള്ളികൾ, അഭ്യസ്തവിദ്യരും കർമ്മകുശലരുമായ യുവാക്കന്മാർ, സഭയോടും പിതാക്കന്മാരോടും കൂറുള്ള ജനങ്ങൾ മുതലായവ ഉള്ളപ്പോൾ ഒരുവിധത്തിലും നാം പ്രവർത്തനപഥത്തിൽ പിറകോട്ടു പോകേണ്ടവരല്ല. ജനങ്ങളുടെ ആത്മീയവും സാമൂഹ്യവുമായ അഭിവൃദ്ധിക്കുതകുന്ന പ്രസ്ഥാനങ്ങൾ ശക്തിപ്പെടണം. പള്ളികൾ ഇല്ലാത്തിടത്തു പള്ളികൾ ഉണ്ടാക്കുക, ശക്തി കുറഞ്ഞ പള്ളികൾക്ക് കൈത്താങ്ങൽ കൊടുക്കുക, അനാഥരെയും, ആതുരരെയും സഹായിക്കുക, ദൈവിക വേലക്കാർക്ക് പ്രോത്സാഹനം കൊടുക്കുക എന്നീ കാര്യങ്ങൾക്കു വേണ്ടിയും കൂടി ചെലവിടാനുള്ളതാണ് പള്ളിമുതലുകൾ. അതുപോലെ അഭ്യസ്തവിദ്യരും സേവനസന്നദ്ധരുമായ വൈദികരെ പരിശീലിപ്പിച്ച് സഭയ്ക്കുവേണ്ടി എവിടെയും പോയി സേവനം ചെയ്വാൻ ആഹ്വാനം ചെയ്യേണ്ടിയിരിക്കുന്നു. പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ച് നമ്മുടെ വിദ്യാർത്ഥികൾക്ക് ഓർത്തഡോക്സ് പാരമ്പര്യത്തിലുള്ള പരിശീലനം ലഭിക്കേണ്ടതിലേക്ക് ഹോസ്റ്റലുകൾ സ്ഥാപിക്കുക, സുവിശേഷവേലയിൽ താല്പര്യമുള്ളവർക്ക് അവശ്യം വേണ്ട ക്രമീകരണങ്ങൾ ചെയ്തുകൊടുക്കുക എന്നിങ്ങനെ അനവധി അത്യാവശ്യങ്ങൾ നമ്മെ കാത്തുനിൽക്കുന്നു. കൊച്ചി ഭദ്രാസനത്തിന്റെ ആസ്ഥാനമായ ഈ സിമ്മനാരിയിൽ, കാലം ചെയ്ത തിരുമേനി സമാരംഭിച്ചിട്ടു മുഴുവനാകാതെ കിടക്കുന്ന പണികൾ മുഴുവനാക്കേണ്ടിയിരിക്കുന്നു. ഇവയും ഇവ പോലുള്ള മറ്റനേകം സംഗതികളും സാധിക്കുന്നതിന് ഇടവകകളുടെയും ഔദാര്യനിധികളായ ജനങ്ങളുടെയും നിർല്ലോഭമായ സഹായസഹകരണങ്ങൾ കൂടാതെ സാദ്ധ്യമല്ല. പണം കൂട്ടിവെച്ചു വഴക്കടിക്കുന്ന സമ്പ്രദായത്തിനു നാം ഒരു വിരാമമിടേണ്ടിയിരിക്കുന്നു. സ്വന്തം കാര്യത്തിനല്ല ദൈവത്തിനുവേണ്ടി, വൻ കാര്യങ്ങൾ പ്രവർത്തിക്കുന്നതിനു ശക്തരായിത്തീരുവാൻ നമുക്കു തന്നിൽ ശരണപ്പെടാം.

സ്നേഹത്തിൽ ഏകയോഗമായി വർത്തിക്കുക

പ്രഗത്ഭനും ധീരനുമായ ഒരു ഭരണാധികാരിയുടെ പിൻഗാമിയായി ദൈവകൃപയിൽ ബലഹീനനായ നാം അവരോധിക്കപ്പെട്ടിരിക്കയാണ്. നിങ്ങളെല്ലാവരുടെയും പ്രാർത്ഥനകളും ഹൃദയപൂർവ്വമായ സഹകരണങ്ങളും പ്രത്യേകിച്ച് ബ. വൈദികരുടെ ധാർമ്മികമായ പിന്തുണകളും മേലിൽ ലഭിക്കേണ്ടത് അനിവാര്യമായി നാം കരുതുന്നു. വൈദികർ തമ്മിലും വൈദികരും ജനങ്ങളും തമ്മിലും സ്നേഹത്തിൽ ഏകയോഗമായിപ്പോകുന്നതിനേക്കാൾ വലിയ ഒരു നേട്ടം നമുക്കുണ്ടാകുവാനില്ല എന്നു നാം വിശ്വസിക്കുന്നു. പ്രശ്നങ്ങൾ ഉണ്ടാകാതെയും ഉണ്ടായാൽ വർദ്ധിപ്പിക്കാതെയും ക്ഷമയോടും സഹനത്തോടും കൂടെ അവ കൈകാര്യം ചെയ്ത് അവസാനിപ്പിക്കുന്നതിൽ നാമെല്ലാവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അച്ചടക്കത്തിലും ജീവിതനിഷ്ഠയിലും ഉറച്ച് പൊതുനന്മയെ ലാക്കാക്കി പ്രവർത്തിക്കേണ്ട കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.

മറ്റു സഭകളുമായി സഹകരണം

ക്രൈസ്തവസഭകളെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ എക്യുമിനിസത്തിന്റെ കാലമാണിത്. മറ്റു ക്രൈസ്തവ സഹോദരങ്ങളുമായി സഹകരിക്കാവുന്ന എല്ലാ മണ്ഡലങ്ങളിലും സഹകരിക്കുകയും അതേസമയം സ്വന്ത സഭയുടെ വിശ്വാസവും അച്ചടക്കവും പാലിക്കുകയും ചെയ്യുന്നതിനും, മറ്റുള്ളവരിലുള്ള നല്ല അംശങ്ങൾ സ്വായത്തമാക്കുന്നതിനും നമുക്കു കഴിയേണ്ടതാണ്. മറ്റു ഭദ്രാസനങ്ങളെക്കാൾ ഈ ഭദ്രാസനത്തിനുള്ള ഒരു പ്രത്യേകത വിശ്വാസകാര്യങ്ങളിൽ നമ്മോട് അടുത്തുനിൽക്കുന്ന തൊഴിയൂർ ഇടവകയും, ഏതാനും ചില കാര്യങ്ങളിൽ മാത്രം വ്യത്യാസമുള്ള പൗരസ്ത്യ കൽദായ സഭയും ഇതിന്റെ ഭൂമിശാസ്ത്രപരമായ പരിധിക്കുള്ളിൽ സ്ഥിതിചെയ്യുന്നു എന്നുള്ളതാണ്. അവർക്കു നമ്മുടെ സഭയോടു കൂടുതൽ ഐക്യതയും സഹകരണവും ഉണ്ടാകുവാനുള്ള പന്ഥാക്കൾ ദൈവം ഒരുക്കിത്തരട്ടെ എന്നു പ്രാർത്ഥിക്കാം.

നമ്മുടെ സഭ

നമ്മുടെ സഭ ഒരു എപ്പിസ്ക്കോപ്പൽ സഭയാണ്. വിശ്വാസം, പട്ടത്വം, അച്ചടക്കപാലനം എന്നിവയിലുള്ള സമ്പൂർണ്ണാധികാരം എപ്പിസ്ക്കോപ്പൽ സുന്നഹദോസ്സിൽ സ്ഥിതിചെയ്യുന്നു. ഈ അടിസ്ഥാനത്തിലേ സഭയുടെ പുരോഗമനത്തിനു സ്ഥാനമുള്ളൂ. ഈ തത്വം തികച്ചും ഗ്രഹിച്ചിരുന്നാൽ സഭയുടെ അന്തരീക്ഷം കുറേക്കൂടെ പ്രകാശമാനമായിത്തീരുകയും അങ്ങിങ്ങായി ശേഷിക്കുന്ന കാർമേഘപടലങ്ങൾ നീങ്ങിക്കിട്ടുകയും ചെയ്യും. ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും സ്വന്തയിഷ്ടത്തെയല്ല, ദൈവഹിതത്തെയാണു പ്രീണിപ്പിക്കേണ്ടത്. നമ്മുടെ സ്ഥാനാഭിഷേകവേളയിൽ പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തോടും, അതിൽ വാഴുന്ന പ. ബാവാ തിരുമേനിയോടും, പ. സുന്നഹദോസിനോടും, സന്നിഹിതരായിരുന്ന ജനസംഘത്തിന്റെ സാന്നിദ്ധ്യത്തിൽ ചെയ്ത പ്രതിജ്ഞകൾ പാലിക്കുന്നതിനും, കൊച്ചി മെത്രാസനത്തോടും പൊതുസഭയോടുമുള്ള ചുമതലകൾ നിറവേറ്റുന്നതിനും ശക്ത്യാനുസരണം ശ്രമിക്കുന്നതാണെന്നും ദൈവത്തിൽ ശരണപ്പെടുന്നു. നിങ്ങൾ നമുക്കു നൽകിയ സ്വീകരണത്തിന് ഒരിക്കൽക്കൂടി കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് നമ്മുടെ വാക്കുകൾ അവസാനിപ്പിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

(യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ 21-10-1966 ൽ കൊച്ചി മെത്രാസനയിടവകയുടെ ഭരണം ഏറ്റെടുത്തുകൊണ്ട് കൊരട്ടി സീയോൻ സെമിനാരിയിൽ വച്ചു ചെയ്ത പ്രസംഗം)



ഏലിശുബാ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ബൈബിളിൽ വിശുദ്ധിയും ദൈവഭക്തിയും നിറഞ്ഞ സ്ത്രീകളിൽ പ്രധാന സ്ഥാനമുള്ള വ്യക്തിയാണ് ഏലിശുബ. അവൾ സഖറിയ പുരോഹിതന്റെ ഭാര്യയും യോഹന്നാൻ സ്നാപകന്റെ മാതാവുമായിരുന്നു. യഹൂദരുടെ മതപരമായ ജീവിതത്തിൽ വിശ്വാസത്തോടും നീതിയോടും കൂടി ജീവിച്ചിരുന്ന ഒരു കുടുംബത്തിന്റെ ഭാഗമായിരുന്നു ഏലിശുബ. അവളുടെ ജീവിതം ദൈവവിശ്വാസം, ക്ഷമ, പ്രാർത്ഥന, വിനയം, സമർപ്പണം എന്നിവയുടെ മനോഹര മാതൃകയായി ഇന്നും വിശ്വാസികളുടെ മനസ്സിൽ നിലകൊള്ളുന്നു. പുറമേ കാണുമ്പോൾ സാധാരണ ജീവിതം നയിച്ച ഒരു സ്ത്രീയായിരുന്നെങ്കിലും, ദൈവത്തിന്റെ മഹത്തായ രക്ഷാകരപദ്ധതിയിൽ അവൾക്ക് വളരെ പ്രധാനപ്പെട്ട സ്ഥാനമാണ് ലഭിച്ചത്.

ഏലിശുബയും ഭർത്താവായ സഖറിയയും ദൈവത്തിന്റെ കല്പനകളും നിയമങ്ങളും അനുസരിച്ച് വിശുദ്ധിയോടെ ജീവിച്ചവരായിരുന്നു. ബൈബിൾ അവരെ ദൈവസന്നിധിയിൽ നീതിമാന്മാരായി അവതരിപ്പിക്കുന്നു. മനുഷ്യരുടെ പ്രശംസയ്ക്കുവേണ്ടിയോ ലോകമഹത്വത്തിനു വേണ്ടിയോ അല്ല, മറിച്ച് ദൈവത്തെ പ്രസാദിപ്പിക്കുന്ന ജീവിതമാണ് അവർ നയിച്ചത്. അതുകൊണ്ട് ഏലിശുബയുടെ ജീവിതം ഒരു സാധാരണ സ്ത്രീയുടെ ജീവിതം മാത്രമല്ല, ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ച ഒരു വിശ്വാസിയുടെ ജീവിതവുമാണ്.


ഏലിശുബയുടെ ജീവിതത്തിൽ ഏറ്റവും കൂടുതൽ പ്രകടമായ ഗുണങ്ങളിൽ ഒന്നാണ് അവളുടെ പ്രാർത്ഥനാപൂർവമായ മനോഭാവം. വർഷങ്ങളോളം സന്താനമില്ലാതെ ജീവിച്ചിട്ടും അവൾ പ്രത്യാശ നഷ്ടപ്പെടുത്തിയില്ല. അന്നത്തെ യഹൂദ സമൂഹത്തിൽ സന്താനമില്ലായ്മ വലിയ ദുഃഖമായും അപമാനമായും കണക്കാക്കപ്പെട്ടിരുന്നു. എന്നിരുന്നാലും ഏലിശുബ ദൈവത്തിനെതിരെ പരാതിപ്പെടുകയോ വിശ്വാസം ഉപേക്ഷിക്കുകയോ ചെയ്തില്ല. ദൈവം തന്റെ പ്രാർത്ഥന കേൾക്കുമെന്ന ഉറച്ച വിശ്വാസത്തോടെ അവൾ ക്ഷമയോടെ കാത്തിരുന്നു. ഈ കാത്തിരിപ്പും സഹനവുമാണ് അവളുടെ ആത്മീയ ശക്തിയെ കൂടുതൽ തെളിയിക്കുന്നത്.

ദൈവം തന്റെ സമയത്ത് ഏലിശുബയുടെ ജീവിതത്തിൽ അദ്ഭുതകരമായി പ്രവർത്തിച്ചു. പ്രായാധിക്യമുള്ള അവൾക്ക് ഒരു മകനെ ലഭിച്ചു. ആ മകനാണ് പിന്നീട് യോഹന്നാൻ സ്നാപകനായി ദൈവത്തിന്റെ വഴിയൊരുക്കുന്ന പ്രവാചകനായി മാറിയത്. മനുഷ്യർക്കു അസാധ്യമായി തോന്നുന്ന കാര്യങ്ങൾ പോലും ദൈവത്തിന് സാധ്യമാണെന്ന സത്യം ഏലിശുബയുടെ ജീവിതം വ്യക്തമാക്കുന്നു. ദൈവത്തിന്റെ വാഗ്ദാനങ്ങൾ വൈകിയാലും അവ നിറവേറുമെന്ന വിശ്വാസത്തിന്റെ ശക്തമായ സാക്ഷ്യമാണ് അവളുടെ ജീവിതം.

ഏലിശുബയുടെ മറ്റൊരു വലിയ സവിശേഷത അവളുടെ വിനയവും നന്ദിയുമാണ്. ദൈവം തന്റെ ജീവിതത്തിൽ വലിയ അനുഗ്രഹം നൽകിയപ്പോൾ അവൾ അഹങ്കരിച്ചില്ല. മറിച്ച്, ലഭിച്ച അനുഗ്രഹം ദൈവത്തിന്റെ കരുണയാണെന്ന് മനസ്സിലാക്കി നന്ദിയോടെ ജീവിച്ചു. ദൈവത്തിന്റെ പ്രവർത്തനങ്ങളെ അംഗീകരിക്കുകയും അവനെ മഹത്വപ്പെടുത്തുകയും ചെയ്ത അവളുടെ ഹൃദയം യഥാർത്ഥ ദൈവഭക്തിയുടെ അടയാളമായിരുന്നു.

കൂടാതെ, ദൈവമാതാവായ വിശുദ്ധ കന്യക മറിയാം അവളെ സന്ദർശിച്ചപ്പോൾ ഏലിശുബ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് മറിയാമിന്റെ മഹത്വം തിരിച്ചറിഞ്ഞു. “സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ” എന്ന് പറഞ്ഞ് മറിയാമിനെ ആദരവോടെ സ്വീകരിച്ചു. മറ്റൊരാളുടെ മഹത്വം സന്തോഷത്തോടെ അംഗീകരിക്കാൻ കഴിയുന്ന വിനയവും ആത്മീയ ജ്ഞാനവും ഏലിശുബയിൽ വ്യക്തമായി കാണാം.

അതുപോലെ, ഒരു നല്ല മാതാവിന്റെ മാതൃകയായും ഏലിശുബയെ കാണാം. യോഹന്നാൻ സ്നാപകനെ ദൈവഭയത്തോടും ആത്മീയബോധത്തോടും കൂടി വളർത്തുന്നതിൽ അവൾ നിർണായക പങ്കുവഹിച്ചു. ദൈവത്തിനായി ജീവിക്കുന്ന മക്കളെ വളർത്തുന്നതിൽ മാതാപിതാക്കളുടെ ഉത്തരവാദിത്വം എത്ര വലിയതാണെന്ന് ഏലിശുബയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.



ഇങ്ങനെ നോക്കുമ്പോൾ, ഏലിശുബയുടെ ജീവിതം ദൈവത്തിൽ വിശ്വസിച്ച് ജീവിക്കുന്ന ഏവർക്കും വലിയ പ്രചോദനമാണ്. ജീവിതത്തിൽ കഷ്ടതകളും കാത്തിരിപ്പുകളും ഉണ്ടായാലും ദൈവത്തിൽ നിന്ന് അകന്നുപോകാതെ വിശ്വാസത്തിലും പ്രാർത്ഥനയിലും ഉറച്ചു നിൽക്കണമെന്ന് അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവത്തിന്റെ സമയവും പദ്ധതിയും മനുഷ്യന്റെ ചിന്തകളെക്കാൾ മഹത്തായതാണെന്നും വിശ്വാസത്തോടെ കാത്തിരിക്കുന്നവർക്ക് ദൈവം അനുഗ്രഹം നൽകുമെന്നും ഏലിശുബയുടെ ജീവിതം വ്യക്തമായി പഠിപ്പിക്കുന്നു.

1. ദൈവഭക്തിയുള്ള ജീവിതം

ഏലിശുബയുടെ ജീവിതത്തിലെ ഏറ്റവും വലിയ സവിശേഷതകളിൽ ഒന്നായിരുന്നു അവളുടെ ആഴമുള്ള ദൈവഭക്തി. അവളും ഭർത്താവായ സഖ

രിയ പുരോഹിതനും ദൈവത്തെ സ്നേഹിക്കുകയും അവന്റെ കല്പനകൾ അനുസരിച്ച് ജീവിക്കുകയും ചെയ്ത വിശുദ്ധരായിരുന്നു. ബൈബിൾ അവരെ ദൈവസന്നിധിയിൽ നീതിമാന്മാരായി അവതരിപ്പിക്കുന്നു. അവർ വെറും പുറംചടങ്ങുകളിലോ ആചാരങ്ങളിലോ മാത്രം ഒതുങ്ങിയ വിശ്വാസികളായിരുന്നില്ല; മറിച്ച് ഹൃദയപൂർവ്വം ദൈവത്തെ അനുസരിച്ച ജീവിതമാണ് അവർ നയിച്ചിരുന്നത്. അവരുടെ ജീവിതത്തിലെ ഓരോ പ്രവൃത്തിയിലും ദൈവവിശ്വാസവും ആത്മീയതയും പ്രകടമായിരുന്നു.

അന്നത്തെ സമൂഹത്തിൽ പലരും മനുഷ്യരുടെ പ്രശംസയും അംഗീകാരവും നേടാനായി മതപരമായ കാര്യങ്ങൾ ചെയ്തിരുന്നുവെങ്കിലും, ഏലിശുബയുടെ ജീവിതം അതിൽ നിന്ന് വ്യത്യസ്തമായിരുന്നു. മനുഷ്യരുടെ മുൻപിൽ നല്ലവളായി തോന്നുന്നതിനേക്കാൾ ദൈവസന്നിധിയിൽ വിശുദ്ധയായി ജീവിക്കാനായിരുന്നു അവൾ കൂടുതൽ ശ്രദ്ധിച്ചത്. അതുകൊണ്ടുതന്നെ അവളുടെ ജീവിതത്തിൽ വിനയവും ആത്മാർത്ഥതയും വ്യക്തമായി കാണാനായി. ദൈവം ഇഷ്ടപ്പെടുന്ന കാര്യങ്ങൾ ചെയ്യുക, ദൈവത്തിന്റെ വഴികളിൽ നടക്കുക, അവന്റെ ഇഷ്ടം അനുസരിച്ച് ജീവിക്കുക എന്നിവയായിരുന്നു അവളുടെ ജീവിതലക്ഷ്യം.

ഏലിശുബയുടെ ദൈവഭക്തി വെറും വാക്കുകളിൽ മാത്രമല്ല, ജീവിതാനുഭവങ്ങളിലൂടെയും പ്രകടമായി. വർഷങ്ങളോളം സന്താനമില്ലായ്മയുടെ ദുഃഖം അവൾ അനുഭവിച്ചു. അന്നത്തെ യഹൂദസമൂഹത്തിൽ സന്താനമില്ലായ്മ വലിയ അപമാനമായി കണക്കാക്കപ്പെട്ടിരുന്നു. എന്നിരുന്നാലും അവൾ ദൈവത്തിനെതിരെ പരാതിപ്പെടുകയോ വിശ്വാസം ഉപേക്ഷിക്കുകയോ ചെയ്തില്ല. ദുഃഖത്തിനിടയിലും ദൈവത്തിൽ ആശ്രയിച്ച് ജീവിക്കുകയായിരുന്നു അവൾ. ഈ ഉറച്ച വിശ്വാസവും ദൈവത്തോടുള്ള സമർപ്പണവുമാണ് അവളുടെ ആത്മീയ മഹത്വം കൂടുതൽ വ്യക്തമാക്കുന്നത്.

ഭർത്താവായ സഖരിയയോടൊപ്പം പ്രാർത്ഥനയും വിശ്വാസവും നിറഞ്ഞ കുടുംബജീവിതമാണ് ഏലിശുബ നയിച്ചത്. ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ വിശ്വസിച്ച് കാത്തിരിക്കാനുള്ള മനോഭാവം അവർക്കുണ്ടായിരുന്നു. ദൈവം യഥാസമയത്ത് പ്രവർത്തിക്കുമെന്ന് അവർ വിശ്വസിച്ചു. ഈ വിശ്വാസം കൊണ്ടാണ് അവർ പ്രതിസന്ധികളിലും ആത്മീയമായി തളരാതിരുന്നത്.

ഏലിശുബയുടെ ദൈവഭക്തിയുള്ള ജീവിതം ഇന്നത്തെ വിശ്വാസികൾക്കും വലിയ മാതൃകയാണ്. ജീവിതത്തിൽ പ്രശ്നങ്ങളും നിരാശകളും വന്നാലും ദൈവത്തെ വിട്ടുപോകാതെ വിശ്വാസത്തോടെ ജീവിക്കണമെന്ന് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിന്റെ കല്പനകൾ അനുസരിച്ച് വിനയത്തോടും ആത്മാർത്ഥതയോടും കൂടി ജീവിക്കുമ്പോൾ മനുഷ്യജീവിതം കൂടുതൽ അനുഗ്രഹീതമാകുമെന്ന് ഏലിശുബയുടെ ജീവിതം വ്യക്തമാക്കുന്നു.

2. പ്രാർത്ഥനയിൽ ഉറച്ച സ്ത്രീ

ഏലിശുബയുടെ ജീവിതത്തെ ഏറ്റവും മനോഹരമായി അവതരിപ്പിക്കുന്ന സവിശേഷതകളിൽ ഒന്നാണ് അവളുടെ പ്രാർത്ഥനാപൂർവമായ ജീവിതം. ദൈവത്തിൽ ആഴമായ വിശ്വാസമുണ്ടായിരുന്ന അവൾ ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും പ്രാർത്ഥനയെ ആശ്രയിച്ചാണ് ജീവിച്ചത്. സന്തോഷത്തിന്റെ സമയങ്ങളിലും ദുഃഖത്തിന്റെ നിമിഷങ്ങളിലും അവൾ ദൈവസന്നിധിയിൽ നിലകൊണ്ടു. പ്രാർത്ഥന അവൾക്കു വെറും ഒരു മതചടങ്ങല്ലായിരുന്നു; മറിച്ച് ദൈവത്തോടുള്ള ആത്മീയബന്ധത്തിന്റെ ശക്തമായ പ്രകടനമായിരുന്നു.

ഏലിശുബ വർഷങ്ങളോളം സന്താനമില്ലാതെ ജീവിച്ചു. അന്നത്തെ യഹൂദസമൂഹത്തിൽ സന്താനമില്ലായ്മ ഒരു സ്ത്രീക്ക് വലിയ ദുഃഖവും അപമാനവുമായിരുന്നു. പലരും അവളെ കരുണയോടെയോ പരിഹാസത്തോടെയോ കണ്ടിരിക്കാം. എന്നാൽ ഈ സാഹചര്യങ്ങൾ അവളുടെ മനസ്സിനെ തകർത്തില്ല. അവൾ നിരാശയിൽ വീഴാതെ ദൈവത്തിൽ പ്രത്യാശയോടെ ജീവിച്ചു. തന്റെ ദുഃഖങ്ങൾ മനുഷ്യരോടല്ല, ദൈവത്തോടാണ് അവൾ തുറന്നു പറഞ്ഞത്. അതുകൊണ്ടുതന്നെ അവളുടെ ജീവിതത്തിൽ പ്രാർത്ഥനയ്ക്ക് വളരെ വലിയ സ്ഥാനം ഉണ്ടായിരുന്നു.

ദൈവം തന്റെ പ്രാർത്ഥന കേൾക്കുമെന്ന് ഏലിശുബ ഉറച്ച് വിശ്വസിച്ചു. വർഷങ്ങൾ കടന്നുപോയിട്ടും അവൾ ആ വിശ്വാസം നഷ്ടപ്പെടുത്തിയില്ല. പലപ്പോഴും മനുഷ്യർ ദൈവത്തിന്റെ മറുപടി വൈകുമ്പോൾ നിരാശപ്പെടുകയും പ്രാർത്ഥന ഉപേക്ഷിക്കുകയും ചെയ്യാറുണ്ട്. എന്നാൽ ഏലിശുബ അങ്ങനെ ചെയ്തില്ല. ദൈവം യഥാസമയത്ത് പ്രവർത്തിക്കുമെന്ന ഉറച്ച വിശ്വാസത്തോടെ അവൾ ക്ഷമയോടെ കാത്തിരുന്നു. ഈ കാത്തിരിപ്പിൽ അവളുടെ ആത്മീയ ശക്തിയും ദൈവവിശ്വാസവും കൂടുതൽ തെളിഞ്ഞു.

ഏലിശുബയുടെ പ്രാർത്ഥനാപൂർവമായ ജീവിതം അവളുടെ സ്വഭാവത്തെയും മനോഭാവത്തെയും വളരെ ആഴത്തിൽ സ്വാധീനിച്ചു. പ്രാർത്ഥന അവൾക്ക് സഹനശക്തിയും സമാധാനവും പ്രത്യാശയും നൽകി. ദുഃഖത്തിനിടയിലും ദൈവത്തെ വിട്ടുപോകാതെ അവന്റെ സന്നിധിയിൽ തുടരാൻ അവൾക്ക് കഴിഞ്ഞു. ജീവിതത്തിലെ പ്രശ്നങ്ങൾ അവളെ ദൈവത്തിൽ നിന്ന് അകറ്റിയില്ല; മറിച്ച് കൂടുതൽ ദൈവസന്നിധിയിലേക്ക് അടുപ്പിച്ചു. അവളുടെ പ്രാർത്ഥനയ്ക്കും വിശ്വാസത്തിനും ഒടുവിൽ ദൈവം ഉത്തരം നൽകി. പ്രായാധിക്യമുള്ള സമയത്ത് ദൈവം അവൾക്ക് ഒരു മകനെ നൽകി. ആ മകനാണ് പിന്നീട് യോഹന്നാൻ സ്നാപകനായി ദൈവത്തിന്റെ വഴിയൊരുക്കുന്ന വലിയ പ്രവാചകനായത്. ദൈവം തന്റെ പ്രാർത്ഥന കേട്ടുവെന്നും അവളുടെ വിശ്വാസം വെറുതെയായില്ലെന്നും ഈ സംഭവം വ്യക്തമാക്കുന്നു.

ഏലിശുബയുടെ ജീവിതം ഇന്നും വിശ്വാസികൾക്ക് വലിയ പ്രചോദനമാണ്. ജീവിതത്തിൽ ദുഃഖങ്ങളും കാത്തിരിപ്പുകളും ഉണ്ടായാലും പ്രാർത്ഥന ഉപേക്ഷിക്കരുതെന്ന് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ദൈവം യഥാ സമയത്ത് പ്രവർത്തിക്കുമെന്നും വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നവരെ അവൻ കൈവിടുകയില്ലെന്നും ഏലിശുബയുടെ ജീവിതം ശക്തമായി ഓർമ്മപ്പെടുത്തുന്നു. പ്രാർത്ഥനയിൽ ഉറച്ചുനിൽക്കുന്നവർക്ക് ദൈവം സമാധാനവും അനുഗ്രഹവും നൽകുമെന്ന സത്യം അവളുടെ ജീവിതത്തിലൂടെ നമുക്ക് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുന്നു.

3. ക്ഷമയും സഹനവും

ഏലിശുബയുടെ ജീവിതത്തിൽ വളരെ വ്യക്തമായി കാണുന്ന മറ്റൊരു വലിയ സവിശേഷതയാണ് അവളുടെ ക്ഷമയും സഹനവും. അന്നത്തെ യഹൂദസമൂഹത്തിൽ സന്താനമില്ലായ്മ ഒരു കുടുംബത്തിന് വലിയ ദുഃഖമായും സ്ത്രീയുടെ ജീവിതത്തിലെ വലിയ അപൂർണ്ണതയായും കണക്കാക്കപ്പെട്ടിരുന്നു. സന്താനമില്ലാത്ത സ്ത്രീകൾ പലപ്പോഴും സമൂഹത്തിന്റെ പരിഹാസത്തിനും കുറ്റപ്പെടുത്തലുകൾക്കും വിധേയരാകേണ്ടിവന്നു. അത്തരം ഒരു സാഹചര്യത്തിലൂടെയാണ് ഏലിശുബയും കടന്നുപോയത്. വർഷങ്ങളോളം അവൾ ഈ ദുഃഖവും മാനസിക വേദനയും സഹിച്ചുകൊണ്ട് ജീവിച്ചു.

എന്നിരുന്നാലും ഈ പ്രയാസങ്ങൾ അവളുടെ വിശ്വാസത്തെ തകർത്തില്ല. ജീവിതത്തിൽ വലിയ നിരാശകൾ ഉണ്ടായിട്ടും അവൾ ദൈവത്തിൽ നിന്ന് അകന്നില്ല. പലരും ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ ദൈവത്തോട് പരാതിപ്പെടുകയോ പ്രത്യാശ നഷ്ടപ്പെടുത്തുകയോ ചെയ്യാറുണ്ട്. എന്നാൽ ഏലിശുബ അങ്ങനെ ചെയ്തില്ല. അവൾ തന്റെ ജീവിതത്തിന്റെ നിയന്ത്രണം ദൈവത്തിന്റെ കൈകളിൽ ഏൽപ്പിച്ചു. ദൈവം തന്റെ ജീവിതത്തിൽ ഒരു പ്രത്യേക പദ്ധതി ഒരുക്കിയിട്ടുണ്ടെന്ന വിശ്വാസത്തോടെ അവൾ ക്ഷമയോടെ കാത്തിരുന്നു.

ഏലിശുബയുടെ സഹനം വെറും നിശബ്ദമായ കാത്തിരിപ്പ് മാത്രമായിരുന്നില്ല. അത് ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചിരുന്ന വിശ്വാസത്തിന്റെ പ്രകടനമായിരുന്നു. ഓരോ ദിവസവും അവൾ പ്രാർത്ഥനയോടും പ്രത്യാശയോടും കൂടി ജീവിച്ചു. ദുഃഖം അവളുടെ മനസ്സിനെ തകർക്കാതെ ആത്മീയമായി കൂടുതൽ ശക്തയാക്കി. കഷ്ടതകളിലൂടെ കടന്നുപോകുമ്പോഴും ദൈവത്തെ സ്നേഹിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്തതുകൊണ്ടാണ് അവളുടെ ജീവിതം മറ്റുള്ളവർക്ക് മാതൃകയായത്.

ദൈവത്തിന്റെ സമയം മനുഷ്യരുടെ സമയത്തിൽ നിന്ന് വ്യത്യസ്തമാണെന്ന് ഏലിശുബയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. മനുഷ്യർ വൈകിയെന്ന് കരുതുന്ന സമയത്തുപോലും ദൈവം തന്റെ പദ്ധതികൾ നിറവേറ്റുന്നു. ഈ സത്യം മനസ്സിലാക്കിയതുകൊണ്ടാണ് ഏലിശുബ ക്ഷമയോടെ കാത്തിരിക്കാൻ കഴിഞ്ഞത്. അവളുടെ സഹനവും വിശ്വാസവും ഒടുവിൽ ദൈവം അനുഗ്രഹിച്ചു.

ഇന്നത്തെ ജീവിതത്തിലും പലർക്കും കാത്തിരിപ്പുകളും നിരാശകളും അനുഭവിക്കേണ്ടിവരുന്നു. ചിലപ്പോൾ പ്രാർത്ഥനകൾക്ക് ഉടൻ മറുപടി ലഭിക്കാത്തതുകൊണ്ട് ആളുകൾ തളരാറുണ്ട്. അത്തരം സാഹചര്യങ്ങളിൽ ഏലിശുബയുടെ ജീവിതം വലിയ പ്രചോദനമാണ്. ദൈവത്തിൽ വിശ്വാസം വച്ച് ക്ഷമയോടെ കാത്തിരിക്കുന്നവരെ ദൈവം കൈവിടുകയില്ലെന്ന് അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

4. ദൈവത്തിന്റെ അത്ഭുത പ്രവർത്തിയുടെ സാക്ഷി

ഏലിശുബയുടെ ജീവിതം ദൈവത്തിന്റെ അദ്ഭുതകരമായ പ്രവർത്തനത്തിന്റെ മനോഹര സാക്ഷ്യമാണ്. വർഷങ്ങളോളം സന്താനമില്ലാതെ ജീവിച്ച അവൾക്ക് പ്രായാധിക്യം വന്ന ശേഷമാണ് ദൈവം ഒരു മകനെ അനുഗ്രഹമായി നൽകിയത്. മനുഷ്യരുടെ കാഴ്ചപ്പാടിൽ അത് അസാധ്യമായ കാര്യമെന്നു തോന്നിയെങ്കിലും ദൈവത്തിന് അസാധ്യമായി ഒന്നുമില്ലെന്ന സത്യം ഈ സംഭവത്തിലൂടെ വ്യക്തമായി.

മാലാഖ സഖരിയയ്ക്കു നൽകിയ സന്ദേശത്തിലൂടെയാണ് ഈ വലിയ അദ്ഭുതത്തിന്റെ തുടക്കം. ദൈവം അവരുടെ പ്രാർത്ഥന കേട്ടുവെന്നും ഏലിശുബയ്ക്ക് ഒരു മകൻ ജനിക്കുമെന്നും മാലാഖ അറിയിച്ചു. വർഷങ്ങളായുള്ള കാത്തിരിപ്പിനും ദുഃഖത്തിനും ശേഷം ലഭിച്ച ഈ സന്ദേശം അവരുടെ ജീവിതത്തിൽ വലിയ സന്തോഷമായി മാറി. ദൈവം തന്റെ വാഗ്ദാനങ്ങൾ ഒരിക്കലും മറക്കുകയില്ലെന്നും കൃത്യ സമയത്ത് അവ നിറവേറുമെന്നും ഈ സംഭവം തെളിയിക്കുന്നു.

ഏലിശുബയ്ക്ക് ജനിച്ച മകനാണ് പിന്നീട് യോഹന്നാൻ സ്നാപകനായി അറിയപ്പെട്ടത്. യേശുക്രിസ്തുവിന്റെ വരവിനായി ജനങ്ങളെ ഒരുക്കിയ വലിയ പ്രവാചകനായിരുന്നു യോഹന്നാൻ. അതുകൊണ്ട് ഏലിശുബയ്ക്ക് ലഭിച്ച അനുഗ്രഹം ഒരു കുടുംബത്തിന്റെ സന്തോഷത്തിൽ മാത്രം ഒതുങ്ങിയില്ല; ദൈവത്തിന്റെ മഹത്തായ രക്ഷാകരപദ്ധതിയുടെ ഭാഗവുമായിത്തീർന്നു. ഒരു സാധാരണ സ്ത്രീയുടെ ജീവിതത്തെ ദൈവം എത്ര മഹത്തായ രീതിയിൽ ഉപയോഗിച്ചു എന്നതിന് ഇത് ശക്തമായ ഉദാഹരണമാണ്.

ദൈവത്തിന്റെ പ്രവർത്തനങ്ങൾ മനുഷ്യരുടെ ചിന്തകളെയും കണക്കുകൂട്ടലുകളെയും അതിജീവിക്കുന്നവയാണെന്ന് ഏലിശുബയുടെ ജീവിതം വ്യക്തമാക്കുന്നു. മനുഷ്യർ പ്രത്യാശ നഷ്ടപ്പെടുത്തിയിടത്താണ് ദൈവം പുതിയ വഴികൾ തുറക്കുന്നത്. അതുകൊണ്ടുതന്നെ ഏലിശുബയുടെ ജീവിതം വിശ്വാസത്തിന്റെയും പ്രത്യാശയുടെയും അദ്ഭുതകരമായ സാക്ഷ്യമായി മാറുന്നു.

ഈ സംഭവം ഇന്നും വിശ്വാസികൾക്ക് വലിയ ആത്മവിശ്വാസം നൽകുന്നു. ജീവിതത്തിൽ അസാധ്യമെന്നു തോന്നുന്ന സാഹചര്യങ്ങൾ വന്നാലും ദൈവത്തിൽ വിശ്വാസം നഷ്ടപ്പെടുത്തരുതെന്ന് ഏലിശുബയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ദൈവം യഥാ സമയത്ത് അദ്ഭുതകരമായി പ്രവർത്തിക്കുമെന്നും വിശ്വാസത്തോടെ കാത്തിരിക്കുന്നവരുടെ ജീവിതത്തിൽ അനുഗ്രഹങ്ങൾ നൽകുമെന്നും അവളുടെ ജീവിതം ശക്തമായി ഓർമ്മപ്പെടുത്തുന്നു.

5. വിനയവും നന്ദിയുമുള്ള ഹൃദയം

ഏലിശുബയുടെ ജീവിതത്തിൽ വളരെ വ്യക്തമായി കാണുന്ന ഒരു സവിശേഷതയാണ് അവളുടെ വിനയവും നന്ദിയുമുള്ള ഹൃദയം. ദൈവം അവളുടെ ജീവിതത്തിൽ അദ്ഭുതകരമായി പ്രവർത്തിച്ചപ്പോൾ അവൾ അഹങ്കരിക്കുകയോ സ്വയം പ്രശംസിക്കുകയോ ചെയ്തില്ല. വർഷങ്ങളോളം സന്താനമില്ലായ്മയുടെ ദുഃഖം അനുഭവിച്ച അവൾക്ക് ദൈവം വാർധക്യകാലത്ത് ഒരു മകനെ നൽകിയപ്പോൾ, അത് തന്റെ കഴിവുകൊണ്ടല്ല, ദൈവത്തിന്റെ കരുണ കൊണ്ടാണെന്ന് അവൾ മനസ്സിലാക്കി. അതുകൊണ്ടുതന്നെ അവളുടെ ഹൃദയം നന്ദിയാൽ നിറഞ്ഞിരുന്നു.

സാധാരണയായി വലിയ അനുഗ്രഹങ്ങൾ ലഭിക്കുമ്പോൾ മനുഷ്യർ പലപ്പോഴും സ്വയം മഹത്വപ്പെടുത്താൻ ശ്രമിക്കാറുണ്ട്. എന്നാൽ ഏലിശുബയുടെ മനോഭാവം അതിൽ നിന്ന് വ്യത്യസ്തമായിരുന്നു. അവൾ തനിക്കു ലഭിച്ച അനുഗ്രഹത്തെ ദൈവത്തിന്റെ ദാനമായി കണ്ടു. ദൈവം തന്റെ അപമാനം നീക്കിയെന്നും തന്റെ ജീവിതത്തിൽ കരുണ കാണിച്ചുവെന്നും അവൾ തിരിച്ചറിഞ്ഞു. ഈ മനോഭാവം അവളുടെ ആത്മീയ പക്വതയും ദൈവവിശ്വാസവും വ്യക്തമാക്കുന്നു.

ഏലിശുബയുടെ വിനയം അവളുടെ സംസാരത്തിലും പെരുമാറ്റത്തിലും പ്രകടമായിരുന്നു. മറ്റുള്ളവരെ അവൾ ചെറുതായി കണ്ടില്ല. ദൈവത്തിന്റെ മുമ്പിൽ താൻ ഒരു സാധാരണ ദാസിയാണെന്ന ബോധ്യത്തോടെയാണ് അവൾ ജീവിച്ചത്. ഈ വിനയമാണ് അവളെ കൂടുതൽ ആത്മീയമായി ഉയർത്തിയത്. ദൈവം വിനയമുള്ളവരെ ഉയർത്തുന്നുവെന്ന സത്യം ഏലിശുബയുടെ ജീവിതത്തിൽ വ്യക്തമായി കാണാം.

അതുപോലെ, നന്ദിയുള്ള ഹൃദയം ഏലിശുബയുടെ ജീവിതത്തെ സമാധാനപൂർണ്ണമാക്കി. ദൈവം നൽകിയ അനുഗ്രഹങ്ങളെ ഓർത്ത് ജീവിച്ച അവൾ പരാതികളിൽ അല്ല, നന്ദിയിൽ ആണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. ദൈവത്തിന്റെ കരുണ തിരിച്ചറിയുന്നവർക്ക് മാത്രമേ യഥാർത്ഥ നന്ദി പ്രകടിപ്പിക്കാൻ കഴിയൂ. ഈ സവിശേഷത കൊണ്ടാണ് ഏലിശുബ ഇന്നും വിശ്വാസികൾക്ക് വലിയ മാതൃകയായി മാറുന്നത്.

ഇന്നത്തെ ജീവിതത്തിലും മനുഷ്യർ പല അനുഗ്രഹങ്ങളും ലഭിച്ചിട്ടും അതിന്റെ ഉറവിടമായ ദൈവത്തെ മറക്കാറുണ്ട്. അത്തരം സാഹചര്യങ്ങളിൽ ഏലിശുബയുടെ ജീവിതം നമ്മെ വിനയത്തോടെയും നന്ദിയോടെയും ജീവിക്കാൻ പഠിപ്പിക്കുന്നു. ജീവിതത്തിൽ ലഭിക്കുന്ന ഓരോ അനുഗ്രഹവും ദൈവത്തിന്റെ ദാനമാണെന്ന് മനസ്സിലാക്കി നന്ദിയോടെ ജീവിക്കുമ്പോൾ മനുഷ്യന്റെ ആത്മീയജീവിതം കൂടുതൽ മനോഹരമാകുമെന്ന് അവളുടെ ജീവിതം വ്യക്തമാക്കുന്നു.

6. മറിയാമിനെ ആദരവോടെ സ്വീകരിച്ചത്

ഏലിശുബയുടെ ആത്മീയ മഹത്വം ഏറ്റവും മനോഹരമായി പ്രകടമായ സംഭവങ്ങളിൽ ഒന്നാണ് ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിനെ അവൾ സ്വീകരിച്ച രീതി. മാലാഖയുടെ സന്ദേശം സ്വീകരിച്ച ശേഷം മറിയാം ഏലിശുബയെ സന്ദർശിക്കാൻ എത്തിയപ്പോൾ, ആ സന്ദർശനം സാധാരണമായ ഒരു കൂടിക്കാഴ്ച മാത്രമായിരുന്നില്ല. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ഏലിശുബ മറിയാമിന്റെ മഹത്വവും ദൈവത്തിന്റെ പ്രത്യേക പദ്ധതിയും ആത്മീയമായി തിരിച്ചറിഞ്ഞു.

മറിയാം വീട്ടിൽ പ്രവേശിച്ച് അഭിവാദ്യം ചെയ്തപ്പോൾ തന്നെ ഏലിശുബയുടെ ഗർഭസ്ഥ ശിശു സന്തോഷത്തോടെ തുള്ളി എന്ന് ബൈബിൾ പറയുന്നു. ആ നിമിഷത്തിൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ഏലിശുബ, "സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ" എന്ന് പറഞ്ഞ് മറിയാമിനെ ആദരിച്ചു. ഈ വാക്കുകൾ വെറും അഭിനന്ദനം മാത്രമല്ല; ദൈവം മറിയാമിലൂടെ ചെയ്യാൻ പോകുന്ന മഹത്തായ പ്രവർത്തിയെ തിരിച്ചറിഞ്ഞ ആത്മീയബോധത്തിന്റെ പ്രകടനമായിരുന്നു.

ഏലിശുബയുടെ ഈ സമീപനം അവളുടെ വിനയവും ആത്മീയ ജ്ഞാനവും വ്യക്തമാക്കുന്നു. സാധാരണയായി മനുഷ്യർ മറ്റുള്ളവരുടെ മഹത്വം അംഗീകരിക്കാൻ മടിക്കാറുണ്ട്. എന്നാൽ ഏലിശുബ മറിയത്തിന്റെ പ്രത്യേകതയെ സന്തോഷത്തോടെ സ്വീകരിച്ചു. അസൂയയോ സ്വാർത്ഥതയോ അവളുടെ ഹൃദയത്തിൽ ഉണ്ടായിരുന്നില്ല. മറിച്ച്, ദൈവം മറ്റൊരാളുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നതിൽ അവൾ സന്തോഷിച്ചു. ഇതാണ് യഥാർത്ഥ ആത്മീയതയുടെ അടയാളം.

ഏലിശുബയുടെ ഈ മനോഭാവം ഇന്നത്തെ സമൂഹത്തിനും വലിയ പാഠമാണ്. മറ്റുള്ളവരുടെ കഴിവുകളും അനുഗ്രഹങ്ങളും അംഗീകരിക്കാനും അവരുടെ സന്തോഷത്തിൽ പങ്കുചേരാനും മനുഷ്യർ പഠിക്കണം. വിനയത്തോടെയും സ്നേഹത്തോടെയും മറ്റുള്ളവരെ സ്വീകരിക്കുമ്പോൾ ബന്ധങ്ങൾ കൂടുതൽ മനോഹരമാകുന്നു. ഈ സത്യം ഏലിശുബയുടെ ജീവിതം വളരെ വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു.

7. നല്ല മാതൃത്വത്തിന്റെ മാതൃക

ഏലിശുബ ഒരു വിശുദ്ധ സ്ത്രീ മാത്രമല്ല, നല്ല മാതൃത്വത്തിന്റെ മനോഹര മാതൃകയും കൂടിയാണ്. ദൈവം അവൾക്ക് നൽകിയ മകനായ യോഹന്നാൻ സ്നാപകനെ ദൈവഭയത്തോടും ആത്മീയബോധത്തോടും കൂടി വളർത്തുന്നതിൽ അവൾ വലിയ പങ്കുവഹിച്ചു. മാതാപിതാക്കളുടെ ജീവിതവും വിശ്വാസവും മക്കളുടെ ഭാവിയെ എത്രമാത്രം സ്വാധീനിക്കാമെന്ന് ഏലിശുബയുടെ ജീവിതം വ്യക്തമാക്കുന്നു.

യോഹന്നാൻ സ്നാപകൻ പിന്നീട് ദൈവത്തിന്റെ വഴിയൊരുക്കുന്ന വലിയ പ്രവാചകനായി മാറി. അത്തരമൊരു ദൗത്യത്തിനായി മകനെ തയ്യാറാക്കുന്നതിൽ ഏലിശുബയുടെ ആത്മീയ ജീവിതം നിർണായകമായി. അവൾ മകനെ വെറും ലോകവിജയത്തിനായി മാത്രമല്ല, ദൈവത്തിനായി ജീവിക്കാനാണ് വളർത്തിയത്. ദൈവത്തിൽ വിശ്വസിക്കുന്ന ഒരു കുടുംബാന്തരീക്ഷമാണ് യോഹന്നാൻ സ്നാപകന്റെ ആത്മീയ വളർച്ചയ്ക്ക് അടിസ്ഥാനമായത്.

ഏലിശുബയുടെ മാതൃത്വത്തിൽ സ്നേഹവും ഉത്തരവാദിത്വവും ആത്മീയ ബോധവും ഒരുപോലെ കാണാം. ദൈവം നൽകിയ മകനെ ഒരു അനുഗ്രഹമായി കണ്ട അവൾ, മകന്റെ ജീവിതം ദൈവത്തിന്റെ പദ്ധതിക്കായി സമർപ്പിച്ചു. ഒരു നല്ല മാതാവിന്റെ കടമ വെറും ശാരീരിക പരിപാലനത്തിൽ ഒതുങ്ങുന്നില്ല; മറിച്ച് മക്കളെ നല്ല വഴിയിൽ നയിക്കുകയും ആത്മീയ മൂല്യങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്നതാണെന്ന് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

ഇന്നത്തെ കുടുംബജീവിതത്തിലും ഏലിശുബയുടെ മാതൃത്വം വലിയ പ്രചോദനമാണ്. മക്കളുടെ വിദ്യാഭ്യാസത്തിനും ഭാവിക്കും പ്രാധാന്യം നൽകുന്നതുപോലെ അവരുടെ ആത്മീയ വളർച്ചക്കും മാതാപിതാക്കൾ ശ്രദ്ധ നൽകണം. ദൈവവിശ്വാസത്തോടും നല്ല മൂല്യങ്ങളോടും കൂടി മക്കളെ വളർത്തുമ്പോൾ അവർ നല്ല മനുഷ്യരായി മാറും എന്ന സത്യം ഏലിശുബയുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

8. വിശ്വാസത്തിൽ ഉറച്ച സ്ത്രീ

ഏലിശുബയുടെ ജീവിതം ഉറച്ച വിശ്വാസത്തിന്റെ ശക്തമായ സാക്ഷ്യമാണ്. ജീവിതത്തിൽ അനേകം കാത്തിരിപ്പുകളും നിരാശകളും ഉണ്ടായിട്ടും അവൾ ദൈവത്തിൽ നിന്നുള്ള വിശ്വാസം നഷ്ടപ്പെടുത്തിയില്ല.

സന്താനമില്ലായ്മയുടെ ദുഃഖം വർഷങ്ങളോളം അവൾ അനുഭവിച്ചെങ്കിലും, അത് അവളെ ദൈവത്തിൽ നിന്ന് അകറ്റിയില്ല. പലരും പ്രതിസന്ധികൾ വന്നാൽ ദൈവത്തെ സംശയിക്കുകയോ വിശ്വാസം ഉപേക്ഷിക്കുകയോ ചെയ്യാറുണ്ട്. എന്നാൽ ഏലിശുബ അങ്ങനെ ചെയ്തില്ല. ജീവിതത്തിലെ പരീക്ഷണങ്ങളെ അവൾ വിശ്വാസത്തോടെ നേരിട്ടു. ദൈവത്തിന്റെ പദ്ധതികൾ മനുഷ്യരുടെ ചിന്തകളെക്കാൾ വലിയതാണെന്ന് അവൾ മനസ്സിലാക്കി.

ഏലിശുബയുടെ വിശ്വാസം വെറും വാക്കുകളിൽ മാത്രം ഉണ്ടായിരുന്നില്ല; അത് അവളുടെ ജീവിതരീതിയിൽ പ്രകടമായിരുന്നു. ദുഃഖത്തിനിടയിലും അവൾ പ്രാർത്ഥനയും ദൈവവിശ്വാസവും കൈവിട്ടില്ല. ദൈവം യഥാ സമയത്ത് പ്രവർത്തിക്കുമെന്ന് അവൾ പൂർണ്ണമായി വിശ്വസിച്ചു. ഈ വിശ്വാസമാണ് അവൾക്ക് ആത്മീയ ധൈര്യവും സമാധാനവും നൽകിയത്.

ഒടുവിൽ ദൈവം അവളുടെ വിശ്വാസത്തെ അനുഗ്രഹിച്ചു. അവൾക്ക് യോഹന്നാൻ സ്നാപകൻ ജനിച്ചു. ഈ സംഭവം ദൈവത്തിൽ വിശ്വസിക്കുന്നവർ ഒരിക്കലും നിരാശരാകില്ലെന്ന സത്യം വ്യക്തമാക്കുന്നു. വൈകിയാലും ദൈവത്തിന്റെ വാഗ്ദാനങ്ങൾ നിറവേറുമെന്ന് ഏലിശുബയുടെ ജീവിതം ശക്തമായി പഠിപ്പിക്കുന്നു.

ഇന്നത്തെ മനുഷ്യർക്കും ഏലിശുബയുടെ ജീവിതം വലിയ പ്രചോദനമാണ്. ജീവിതത്തിൽ പ്രതിസന്ധികളും കാത്തിരിപ്പുകളും വന്നാലും വിശ്വാസം കൈവിടാതെ ദൈവത്തിൽ ആശ്രയിച്ച് ജീവിക്കണമെന്ന് അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. വിശ്വാസത്തോടെ ദൈവത്തെ പിന്തുടരുന്നവരുടെ ജീവിതത്തിൽ ദൈവം യഥാ സമയത്ത് അദ്ഭുതകരമായി പ്രവർത്തിക്കുമെന്ന പ്രത്യാശയാണ് ഏലിശുബയുടെ ജീവിതം നൽകുന്നത്.

ഏലിശുബയുടെ ജീവിതം വിശ്വാസവും പ്രാർത്ഥനയും ക്ഷമയും വിനയവും നിറഞ്ഞ ഒരു മനോഹര ആത്മീയ മാതൃകയാണ്. ബൈബിളിൽ അവളെ ഒരു സാധാരണ സ്ത്രീയായി മാത്രം അവതരിപ്പിക്കുന്നില്ല; മറിച്ച് ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ച് ജീവിച്ച വിശുദ്ധയായ സ്ത്രീയായാണ് അവതരിപ്പിക്കുന്നത്. ജീവിതത്തിൽ അനേകം ദുഃഖങ്ങളും കാത്തിരിപ്പുകളും അവൾ നേരിട്ടെങ്കിലും, ഒരിക്കലും ദൈവത്തിൽ നിന്നുള്ള വിശ്വാസം നഷ്ടപ്പെടുത്തിയില്ല. മനുഷ്യരുടെ കാഴ്ചപ്പാടിൽ നിരാശജനകമായി തോന്നിയ സാഹചര്യങ്ങളിലും അവൾ ദൈവത്തിന്റെ കരുണയിലും പദ്ധതിയിലും ഉറച്ചു വിശ്വസിച്ചു.

ഏലിശുബയുടെ ജീവിതത്തിൽ വിനയവും നന്ദിയും വളരെ വ്യക്തമായി കാണാം. ദൈവം തന്റെ ജീവിതത്തിൽ അദ്ഭുതകരമായി പ്രവർത്തിച്ചപ്പോൾ അവൾ സ്വയം മഹത്വപ്പെടുത്തിയില്ല. ലഭിച്ച അനുഗ്രഹം ദൈവത്തിന്റെ കരുണയാണെന്ന് മനസ്സിലാക്കി നന്ദിയോടെ ജീവിച്ചു. ഈ വിനയപൂർണ്ണ മനോഭാവമാണ് അവളെ കൂടുതൽ മഹത്തരയാക്കിയത്. മറ്റുള്ളവരുടെ മഹത്വം സന്തോഷത്തോടെ അംഗീകരിക്കാനും അവൾക്ക് കഴിഞ്ഞു. വിശുദ്ധ കന്യക മറിയത്തെ ആദരവോടെ സ്വീകരിച്ച സംഭവത്തിൽ അവളുടെ ആത്മീയ ജ്ഞാനവും വിനയവും വളരെ മനോഹരമായി പ്രകടമാകുന്നു.

അതുപോലെ, ഒരു നല്ല മാതാവിന്റെ മാതൃകയായും ഏലിശുബ ശ്രദ്ധേയയാണ്. യോഹന്നാൻ സ്നാപകനെ ദൈവഭയത്തോടും വിശ്വാസത്തോടും കൂടി വളർത്തുന്നതിൽ അവൾ നിർണായക പങ്കുവഹിച്ചു. ഒരു കുടുംബത്തിന്റെ ആത്മീയ അടിത്തറ മാതാപിതാക്കളുടെ വിശ്വാസജീവിതത്തിലൂടെയാണ് രൂപപ്പെടുന്നതെന്ന് ഏലിശുബയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

ഇന്നത്തെ സമൂഹത്തിലും ഏലിശുബയുടെ ജീവിതം വലിയ പ്രചോദനമാണ്. ജീവിതത്തിൽ കഷ്ടതകളും വൈകിപ്പോകലുകളും നിരാശകളും ഉണ്ടാകുമ്പോൾ പലരും പ്രത്യാശ നഷ്ടപ്പെടുത്താറുണ്ട്. എന്നാൽ ഏലിശുബയുടെ ജീവിതം നമ്മെ മറ്റൊരു സത്യം ഓർമ്മിപ്പിക്കുന്നു ദൈവം ഒരിക്കലും തന്റെ മക്കളെ കൈവിടുന്നില്ല. അവന്റെ സമയവും പദ്ധതിയും മനുഷ്യരുടെ ചിന്തകളെക്കാൾ മഹത്തായതാണ്. അതുകൊണ്ട് വിശ്വാസത്തോടും പ്രാർത്ഥനയോടും ക്ഷമയോടും കൂടി ദൈവത്തിൽ ആശ്രയിച്ച് ജീവിക്കുന്നവർക്ക് ദൈവം കൃത്യ സമയത്ത് അനുഗ്രഹം നൽകും എന്ന പ്രത്യാശയാണ് ഏലിശുബയുടെ ജീവിതം ഇന്നും വിശ്വാസികൾക്ക് നൽകുന്നത്.



ആഭ്യന്തരവകുപ്പ് മന്ത്രിയായി ചുമതലയേറ്റ രമേശ് ചെന്നിത്തലയെ മലബാർ ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പക്കോമിയോസ് സന്ദർശിച്ച് സഭയുടെയും മലബാർ ഭദ്രാസനത്തിന്റെയും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ അറിയിച്ചു.



ജവഹർലാൽ നെഹ്രു കൾച്ചറൽ സൊസൈറ്റിയുടെ ‘ജവഹർ പുരസ്കാർ 2026”ലെ മികച്ച ജനപ്രതിനിധിക്കുള്ള അംഗീകാരം പി. ജെ. ജോസഫും, ജലവിഭവ വകുപ്പ് മന്ത്രി അഡ്വ. മോൻസ് ജോസഫും ചേർന്ന് ചാണ്ടി ഉമ്മന് സമ്മാനിക്കുന്നു.

വെല്ലൂർ വിഐറ്റി എഞ്ചിനീയറിംഗ് കോളജിൽ നിന്നും ഫിസിക്സ് വിഭാഗത്തിൽ "Electrochemical Sensors' എന്ന വിഷയത്തിൽ അലീഷ മേരി മനോജിന് ഡോക്ടറേറ്റ് ലഭിച്ചു. അട്ടച്ചാക്കൽ മാർ പീലക്സിനോസ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗമാണ്.



വചനതീർത്ഥം



പെന്തിക്കോസ്തിക്ക് ശേഷം ഒന്നാം ഞായർ

(വി. ലൂക്കോസ് 7:27–35)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

യോഹന്നാൻ സ്നാപകൻ തന്റെ ശിഷ്യന്മാരിൽ രണ്ടുപേരെ കർത്താവിൻറെ അടുക്കലേക്ക് അയച്ചു “വരുവാൻ ഉള്ളവൻ നീയാണോ?” എന്ന് ഉള്ള അന്വേഷണത്തിന്റെ തുടർച്ചയായി തന്നോടൊപ്പമുള്ള ജനത്തോട് യോഹന്നാൻ സ്നാപകനെ കുറിച്ച് കർത്താവ് സംസാരിച്ചു തുടങ്ങുന്ന ഭാഗമാണിത്. അയക്കപ്പെട്ട പ്രവാചകന്മാരിൽ ഏറ്റവും മികച്ചവൻ യോഹന്നാൻ സ്നാപകൻ ആണെന്ന് കർത്താവ് ഈ വേദഭാഗത്ത് അടിവരയിടുകയാണ്. മുൻപുണ്ടായിട്ടുള്ള പ്രവാചകന്മാർ എല്ലാവരും തന്നെ വരുവാനുള്ള മിശിഹായെ പറ്റിയാണ് പറഞ്ഞത് എങ്കിൽ യോഹന്നാൻ സ്നാപകൻ ‘ഇതാ മശിഹ’ എന്ന വ്യാഖ്യാനം ലോകത്തിന് നൽകിയവനാണ്. ഒരുപക്ഷേ യോഹന്നാൻ സ്നാപകന്റെ മഹത്വത്തിന്റെ പ്രധാന കാരണം ഇതാണ്. എന്നാൽ ഏറ്റവും മഹത്വമുള്ളവനായ യോഹന്നാനെക്കാളും വലിയവൻ ആകുവാനുള്ള സാധ്യത ദൈവരാജ്യത്തിലെ ഓരോ അംഗത്തിനും ഉണ്ട് എന്നും കർത്താവ് ചേർത്ത് വായിക്കുന്നുണ്ട് (7:28).

മിശിഹായുടെ മനുഷ്യാവതാരത്തെയും അവൻറെ മുന്നോടിയായ യോഹന്നാനെയും പൂർണമനസ്സോടെ അംഗീകരിക്കുന്നവരായ ജനസമൂഹത്തെയും അതിനെ എതിർക്കുന്ന അധികാര വർഗ്ഗത്തെയും ചേർത്തുവെച്ച് വ്യാഖ്യാനിക്കുന്ന ക്രിസ്തു വചനങ്ങൾ ആണ് ഈ ഭാഗത്തുള്ളത്. ദൈവീക ഇടപെടലുകളുടെ ബോധ്യം നേടിയെടുത്തവർ ജ്ഞാനികൾ എന്ന പരാമർശത്തോടെയാണ് ഈ വേദഭാഗം അവസാനിക്കുന്നത്. ജ്ഞാനം നീതീകരിക്കപ്പെടുന്നത് അതിന്റെ മക്കളാലാണ് എന്ന് കർത്താവ് പറയുമ്പോൾ ദൈവീക രഹസ്യങ്ങളിൽ അജ്ഞാനികളായ അധികാര വർഗ്ഗത്തിന്റെ നേരെ കർത്താവ് വിരൽ ചൂണ്ടുകയാണ്.



വളർച്ച പ്രാപിക്കുവാനുള്ള ആഹ്വാനം


അറിവിൽ നിന്ന് ജ്ഞാനത്തിലേക്ക് ഓരോരുത്തരും വളരുവാനുള്ള നിർദ്ദേശമാണ് കർത്താവ് ഈ വേദഭാഗത്ത് നൽകുന്നത്രണ്ടു വിഭാഗം ജനങ്ങളെ പറ്റി കർത്താവ് ഇവിടെ പ്രതിപാദിക്കുന്നു. അതിലൊന്ന് പരീശന്മാരും ന്യായശാസ്ത്രിമാരും ഉൾപ്പെടെയുള്ള അഭ്യസ്ത വിദ്യരായ ആളുകളാണ്. എല്ലാ തരത്തിലുമുള്ള അറിവ് അവർക്ക് ഉണ്ട് എന്ന് അവർ തന്നെ സ്വയം അവകാശപ്പെട്ടിരുന്നവരാണ്. രണ്ടാമത്തെ വിഭാഗം ജനം എന്നും ചുങ്കക്കാർ എന്നും പാപികൾ എന്നും ഒക്കെ വിളിക്കപ്പെടുന്ന വിഭാഗമാണ്. സ്വന്തം അധ്വാനം കൊണ്ട് നിത്യവൃത്തി തേടുന്ന അവർ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരും ഒരർത്ഥത്തിൽ വലിയ അറിവില്ലാത്തവരുമാണ്. എന്നാൽ കർത്താവ് ഇവിടെ പറയുന്നത് അറിവില്ലാത്തവരുടെ സമൂഹം യോഹന്നാന്റെ സ്നാനം ഏറ്റതിനാൽ ദൈവത്തെ നീതീകരിച്ചു എന്നാണ്. അറിവുള്ളവർ ഒന്ന് സ്വയം വിചാരിച്ചിരുന്ന സമൂഹം തങ്ങളുടെ അറിവ് വ്യർഥമാവുന്ന ഒരു അനുഭവവും ഇവിടെയുണ്ട്. യോഹന്നാൻ സ്നാപകന് ഭൂതം ഉണ്ട് എന്ന് പറയുകയും യേശുക്രിസ്തുവിനെ തീനിയും കുടിയനുമായ മനുഷ്യൻ എന്നും ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ എന്നും മറ്റും വിളിച്ച് അവർ ദൈവീക രഹസ്യത്തിന് നേരെ മുഖം തിരിഞ്ഞ് നിൽക്കുകയാണ്. അറിവുള്ളവർ ജ്ഞാനികൾ ആണോ എന്നതാണ് ചോദ്യം. ജ്ഞാനം ദൈവീക രഹസ്യങ്ങളുടെ തിരിച്ചറിവാണ്. ലോകപ്രകാരമുള്ള അറിവിൽ നിന്ന് ദൈവീക ജ്ഞാനത്തിലേക്ക് വളരുവാനുള്ള ശക്തമായ ആഹ്വാനമാണ് കർത്താവ് ഇവിടെ നൽകുന്നത്. വാസ്തവത്തിൽ ജ്ഞാനം പരിശുദ്ധാത്മാവിന്റെ ദാനമാണ്. പരിശുദ്ധാത്മാവിനെ കുറിച്ചുള്ള വിശേഷണങ്ങളിൽ ശക്തമായ ഒന്ന് അവൻ ജ്ഞാനത്തിന്റെ റൂഹാ ആകുന്നു എന്നതാണ്. ആധുനികലോകം അറിവിൻറെ വിസ്ഫോടനം നടക്കുന്ന ലോകമാണ്. കാലത്തിനു മുൻപേ അറിവിൽ നിറയുന്ന സമൂഹമാണ് ഇന്ന് നിലനിൽക്കുന്നത് (premature knowledge). ഈ അറിവിൽ നിന്ന് ജ്ഞാനത്തിലേക്കുള്ള വളർച്ചയാണ് ആധുനിക ലോകവും നേരിടുന്ന പ്രധാന വെല്ലുവിളി.

രോഗങ്ങൾ ഉണ്ടാകാതെ ഭക്ഷണത്തെ നിയന്ത്രിക്കുന്നത് പോലെ അറിവിന്റെ കാര്യത്തിലും ജ്ഞാനപൂർണമായ നിയന്ത്രണം (Information Diet) ഒരു വിശുദ്ധ ലോകസൃഷ്ടിക്ക് അനിവാര്യമാണ്.

സത്യാന്വേഷികൾ ആകുവാനുള്ള ആഹ്വാനം

യഹൂദന്മാർ ആകമാനം മിശിഹായെ കാത്തിരുന്നവരുടെ ഒരു സമൂഹമായിരുന്നു. എന്നാൽ ഈ അന്വേഷണത്തിൽ സത്യത്തെ കണ്ടെത്തുമ്പോൾ അതിനെ ഉൾക്കൊള്ളുവാൻ കഴിയാതെ നിസ്സാരമാക്കി കളഞ്ഞു എന്നതാണ് ഒരു വിഭാഗം ജനങ്ങൾ നേരിട്ട പ്രതിസന്ധി. ന്യായശാസ്ത്രിമാരും പരീക്ഷന്മാരും അടങ്ങുന്ന സമൂഹം തങ്ങൾ അന്വേഷിച്ച സത്യത്തെ കണ്ടെത്തിയെങ്കിലും തിരിച്ചറിഞ്ഞില്ല. തങ്ങൾ ആലോചിക്കുന്നത് പോലെയും ആഗ്രഹിക്കുന്നത് പോലെയും വെളിപ്പെടണം എന്ന കടുംപിടുത്തങ്ങൾ ആകാം സത്യത്തെ അവഗണിക്കുവാൻ അവരെ പ്രേരിപ്പിച്ചത്. ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു എന്ന് പറഞ്ഞ കർത്താവിനെ മശിഹാ മനസ്സിലാക്കുവാൻ അവർക്ക് സാധിക്കാഞ്ഞത് അവരുടെ കടുംപിടുത്തങ്ങൾ മൂലമാണ്. സമസ്ത മേഖലകളിലും സത്യം തമസ്കരിക്കപ്പെടുന്നത് ഇത്തരം പിടിവാശികളും കടുംപിടുത്തവും കാരണമാണ്. സത്യാനന്തര കാലമെന്ന് വിളിക്കപ്പെടുന്ന ഇന്നത്തെ ലോകം തങ്ങളുടെ നിലപാടുകൾ മാത്രമാകണം സത്യം എന്ന് ശാഠ്യം പിടിക്കുമ്പോൾ യഥാർത്ഥ സത്യം വെളിച്ചം കാണാതെ പോകുകയാണ്. യോഹന്നാൻ 18.37– “സത്യത്തിന്നു സാക്ഷിനിൽക്കേണ്ടതിന്നു ഞാൻ ജനിച്ചു അതിന്നായി ലോകത്തിൽ വന്നുമിരിക്കുന്നു; സത്യതല്പരനായവൻ എല്ലാം എന്റെ വാക്കു കേൾക്കുന്നു എന്നു ഉത്തരം പറഞ്ഞു.” സത്യത്തിന്നു സാക്ഷിനിൽക്കേണ്ടതിന്നു ഞാൻ ജനിച്ചു അതിന്നായി ലോകത്തിൽ വന്നുമിരിക്കുന്നു; സത്യതല്പരനായവൻ എല്ലാം എന്റെ വാക്കുകേൾക്കുന്നു എന്നു ഉത്തരം പറഞ്ഞു. ❑

Church Calendar



Among those born of women, there is no one greater than John the Baptist

First Sunday after Pentecost

(St. Luke 7:28-35)

Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

When the Holy Qurbana begins publicly in our worship, the first prayer the celebrant recites is, "Mary who gave birth to You and John who baptized You in immersion plead to You for us." It was John the Baptist who first bore witness about the Lord and prepared the way for the Lord's coming. We commemorate the birth and death of John the Baptist. We can see references about John the Baptist in all the Gospels. "I am sending my messenger ahead of you. He will prepare the way before you." Among those born of women, there is no one greater than John. We do not have much knowledge about John's early life. He was in the desert until the day he manifested himself to Israel (St. Luke 1:80). Although there is no clarity on the question of where and in which desert he was, it is generally said that he grew up among the Qumran monks who inhabited the western shore of the Dead Sea and active as a member among them. Similarly, there is no information as to why he left the Qumran community. In any case, he had a divine calling and was fulfilling his prophetic mission. "And you, child, will be called the prophet of the Most High"(St. Luke 1:76-77).

This week's scripture portion is from St. Luke 7:27-35. In this scripture portion, we can see descriptions about John the Baptist. What we read in the prophecies about John is, "I am sending my messenger ahead of you. He will prepare the way before you." Lord Jesus has said about him, "I tell you, among those born of women there is no one greater than John; yet the one who is least in the kingdom of God is greater than he." The prophets who existed until John the Baptist preached about an event that was to happen in the future, about the coming of the Messiah. John, however, preached by pointing directly to the actual Messiah himself. From this scripture portion, we can understand some characteristics about John the Baptist.

"He must increase; but I must decrease" (St. John 3:30).

It is our self-centeredness and selfishness that shatter our relationships. Everywhere, a tendency is seen to display our own vanity and to put others down. How noble is the attitude of John, who humbles himself! St. Paul the Apostle reminds us: "For by the grace given me I say to every one of you: Do not think of yourself more highly than you ought, but rather think of yourself with sober judgment, in accordance with the faith God has distributed to each of you" (Romans 12:3). John enters the scene of prophetic mission during a time when there had been no prophets in Israel for years. At that time, when everyone including the Jewish priests sent people to ask, "Are you the Christ who is to come?", he made it clear by saying, "I am not the Christ," and pointed to the Messiah who was coming after him. He described, "The one who comes after me is greater than I." It was the willingness to humble himself without craving his own glory that made John noble. "I must decrease, but He must increase" was John's teaching. John was one who rejoiced without being envious of Christ's rise. We must be



able to rejoice in the rise of others. Along with those who rejoice.

Are we able to rejoice? Because John the Baptist humbled himself here, he was able to introduce a great personality to society. That is why Jesus says, "Among those born of women, there is no one greater than John."

He, who raised his voice against injustice

John was never weak just because he, who raised his voice against injustice, humbled himself. He raised his voice against injustice in society. He raised his voice against immorality. He strongly rebuked the king who took his brother's wife as his own. Not everyone may have the courage to see wrong as wrong and to rebuke it strongly. Only those who maintain moral and spiritual excellence can raise their voice against wrong. During the time of John the Baptist's ministry, society was in a state of moral decay. The standard of the priestly class was very pathetic. They confined themselves merely to rituals and practices. That is why John the Baptist says, "Produce fruit worthy of repentance, and do not begin to say within yourselves, 'We have Abraham as our father.' Without relying merely on empty praise, you must produce fruit appropriate for repentance." Today, what we need in society is repentance. John the Baptist was a person who preached powerfully in such a way as to lead others to repentance. We too must be able to raise our voice against injustices in society. Here, what we see in John the Baptist is the greatest model of humility and lowliness. In addition, we also see a social reformer who raises his voice against the evils in society. It is in his relationship with Christ that we can see John's greatness. Coming as the forerunner of Christ and preparing the way for His coming is what made John great. Bearing witness to Christ, he leads others to Christ. That is why Christ says, "Yet the one who is least in the kingdom of heaven is greater than John." ❑

പച്ചമ്മ

ഫാ. അജീഷ് ബാബു

മനുഷ്യൻ ഭൂമിയെ “അമ്മ” എന്ന് വിളിക്കുന്നത് ഭാഷാപ്രയോഗമല്ല; ജീവിതാനുഭവത്തിന്റെ സാക്ഷ്യമാണ്. അമ്മയും പ്രകൃതിയും തമ്മിലുള്ള ബന്ധം വേർതിരിക്കാനാവാത്ത ഒരു സത്യമാണ്. അമ്മയില്ലാതെ പ്രകൃതിയില്ല, പ്രകൃതിയില്ലാതെ അമ്മയുമില്ല. ഈ പരസ്പരാശ്രയത്തിന്റെ പൂർണ്ണതയിലാണ് ആത്മീയതയുടെ മൗലികത വിരിയുന്നത്. “പച്ചമ്മ” എന്ന ആശയം രണ്ട് സത്യങ്ങളെ ഒരുമിപ്പിക്കുന്ന ഒരു ദർശനമാണ്, പച്ചപ്പിന്റെ കരുണയും അമ്മത്വത്തിന്റെ സ്നേഹവും ഒറ്റരൂപമായി നമ്മുടെ മുന്നിൽ നിലകൊള്ളുന്ന ദർശനം. ക്രിസ്തീയ ദൈവശാസ്ത്രത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ, സൃഷ്ടി യാന്ത്രിക സംഭവമല്ല; അത് സ്നേഹത്തിന്റെ ഒഴുക്കാണ്. ദൈവം ലോകത്തെ സൃഷ്ടിച്ചത് തന്റെ സ്നേഹത്തിന്റെ വ്യാപ്തിയായി. “മണ്ണിൽ നിന്ന് മനുഷ്യനെ രൂപപ്പെടുത്തിയ” സൃഷ്ടിക്കഥയിൽ, മനുഷ്യനും ഭൂമിയും തമ്മിലുള്ള അടുപ്പം വ്യക്തമാകുന്നു. മനുഷ്യൻ മണ്ണിന്റെ മകനാണ്; അതുകൊണ്ട് തന്നെ ഭൂമി അവന്റെ മാതാവാണ്.

മാതൃത്വത്തിന്റെ പ്രതീകമാണ് “പച്ചമ്മ”, ജീവനെ പോഷിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന സൃഷ്ടിയുടെ സ്നേഹരൂപം. ക്രിസ്തീയ പരമ്പരയിൽ മാതൃത്വം ഉന്നതമായി പ്രത്യക്ഷപ്പെടുന്നത് പരിശുദ്ധ കന്യകാമറിയത്തിലൂടെയാണ്. മറിയം ദൈവത്തിന്റെ വചനം തന്റെ ഗർഭത്തിൽ ധരിച്ചപ്പോൾ, സൃഷ്ടിയും മോചനവും തമ്മിലുള്ള അതുല്യമായ സംഗമം സംഭവിച്ചു. മറിയം വെറും വ്യക്തി മാത്രമല്ല; അവൾ സൃഷ്ടിയുടെ അമ്മത്വത്തിന്റെ പ്രതീകമാണ്. അവളുടെ “അതെ” എന്ന സമ്മതം സൃഷ്ടിയുടെ മുഴുവൻ ചരിത്രത്തെയും പുതുക്കി. ഈ നിലയിൽ മറിയം “പച്ചമ്മയുടെ” ആത്മീയരൂപമാണ് ദൈവസ്നേഹത്തെ ലോകത്തിലേക്ക് കൊണ്ടുവരുന്ന മാതൃഹൃദയം.

പ്രകൃതിയിലുടനീളം മാതൃത്വത്തിന്റെ സാന്നിധ്യം കാണുന്നു. വിത്ത് മണ്ണിൽ വീഴുമ്പോൾ അത് മരമായി വളരുന്നു; മഴ ഭൂമിയെ തൊടുമ്പോൾ പച്ചപ്പു വിരിയുന്നു; നദികൾ ഒഴുകുമ്പോൾ ജീവൻ പകരുന്നു. എല്ലാം അമ്മയുടെ കരുതലിന്റെ രൂപങ്ങളാണ്. എന്നാൽ മനുഷ്യൻ ബന്ധം മറക്കുമ്പോൾ, പ്രകൃതിയോടുള്ള ക്രൂരതയും ചൂഷണവും തുടങ്ങുന്നു. അമ്മയെ അവഗണിക്കുന്ന മകന്റെ അവസ്ഥപോലെ, പ്രകൃതിയെ നശിപ്പിക്കുന്ന മനുഷ്യൻ തന്റെ തന്നെ അടിസ്ഥാനം തകർക്കുന്നു.

ക്രിസ്തീയ ദൈവശാസ്ത്രത്തിൽ “പുതിയ സൃഷ്ടി” എന്ന ആശയം വളരെ പ്രാധാന്യമുള്ളതാണ്. ക്രിസ്തുവിൽ എല്ലാം പുതുക്കപ്പെടുന്നു മനുഷ്യനും സൃഷ്ടിയും ഒരുപോലെ. പുതുക്കലിന്റെ ദർശനത്തിൽ “പച്ചമ്മ” ഒരു ആഹ്വാനമാണ്: സൃഷ്ടിയുമായി പുതുവായുള്ള ബന്ധത്തിലേക്ക് തിരികെ വരാനുള്ള വിളി. പരിസ്ഥിതി സംരക്ഷണത്തിന്റെ ഒരു നൈതിക ബാധ്യത മാത്രമല്ല; അത് ആത്മീയ പ്രതിബദ്ധതയാണ്. ദൈവത്തിന്റെ സൃഷ്ടിയെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നത് ദൈവത്തെ സ്നേഹിക്കുന്നതിന്റെ ഭാഗമാണ്.

അമ്മയുടെ സ്നേഹം നിസ്വാർത്ഥമാണ്; സ്വന്തമായി ഒന്നും ആവശ്യപ്പെടുന്നില്ല, മറിച്ച് എല്ലാം നൽകുന്നു. പ്രകൃതിയും അതുപോലെ തന്നെയാണ്. എന്നാൽ നിസ്വാർത്ഥ സ്നേഹം ദുരുപയോഗം ചെയ്യപ്പെടുമ്പോൾ, അത് മൗന വിലാപമായി മാറുന്നു. വരണ്ട നദികൾ, മൂടിയ ആകാശം, ചുട്ടുപൊള്ളുന്ന ഭൂമി ഇവയെല്ലാം “പച്ചമ്മയുടെ” നിശ്ശബ്ദ കരച്ചിലുകളാണ്. ഈ കരച്ചിൽ കേൾക്കുന്നത് ആത്മീയതയുടെ ഒരു ഭാഗമാണ്.

“പച്ചമ്മ” പുതിയ ആത്മീയ വഴിയിലേക്ക് നയിക്കുന്നു, കാരണം അത് ബന്ധങ്ങളുടെ പുനരാവിഷ്കാരമാണ്.

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം, മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തിൽ നിന്ന് വേർതിരിക്കാനാവില്ല. ദൈവത്തെ സ്നേഹിക്കുന്നവൻ അവന്റെ സൃഷ്ടിയെ സ്നേഹിക്കാതെ കഴിയില്ല. അതുകൊണ്ട് തന്നെ, പരിസ്ഥിതി സംരക്ഷണം ഒരു സാമൂഹിക പ്രവർത്തനമല്ല; അത് വിശ്വാസത്തിന്റെ പ്രകടനമാണ്. പച്ചമ്മയുടെ ദർശനത്തിൽ, ഓരോ വൃക്ഷവും ഒരു പ്രാർത്ഥനയാണ്, ഓരോ നദിയും ഒരു സ്തുതിഗാനം, ഓരോ മണ്ണുതുള്ളിയും ദൈവത്തിന്റെ സ്നേഹത്തിന്റെ അടയാളം. മനുഷ്യൻ ഈ സത്യത്തെ തിരിച്ചറിയുമ്പോൾ, അവന്റെ ജീവിതം മാറുന്നു. അവൻ ഉപഭോക്താവിൽ നിന്ന് സംരക്ഷകനായി മാറുന്നു; അധിപത്യത്തിൽ നിന്ന് സേവനത്തിലേക്ക് കടക്കുന്നു. ഇത് തന്നെയാണ് “പച്ചമ്മയുടെ ആത്മീയത” സ്നേഹത്തിന്റെ, സംരക്ഷണത്തിന്റെ, സഹജീവിതത്തിന്റെ ആത്മീയത.



ഓരോ വൃക്ഷത്തെയും സ്നേഹിക്കുമ്പോൾ, ഓരോ നദിയെയും നീ കാത്തുസൂക്ഷിക്കുമ്പോൾ, നീ വെറും പ്രകൃതിയെ രക്ഷിക്കുന്നില്ല, ഒരു അമ്മയുടെ ഹൃദയം ആശ്വസിപ്പിക്കുന്നു.

“പച്ചമ്മ” ആഴമുള്ള സത്യമാണ്: നമ്മൾ ഭൂമിയുടെ ഉടമകളല്ല, മക്കളാണ്. അമ്മയെ സംരക്ഷിക്കുന്നത് മകന്റെ കടമയാണ്. സൃഷ്ടിയെ സംരക്ഷിക്കുന്നത് മനുഷ്യന്റെ ദൈവിക വിളിയാണ്. ഈ വിളി കേൾക്കുമ്പോൾ, ആത്മീയത പൂർണ്ണതയിലേക്ക് എത്തുന്നു അമ്മയുടെയും പ്രകൃതിയുടെയും ഏകതയിൽ, ദൈവത്തിന്റെ സ്നേഹത്തിൽ. അമ്മയും പ്രകൃതിയും വേർപിരിയാത്ത രണ്ട് പേരുകൾ അല്ല, സ്നേഹത്തിന്റെ രണ്ട് സ്പർശങ്ങളാണ്.

ഒരു കുഞ്ഞ് അമ്മയുടെ നെഞ്ചിലേക്കു മുഖം ചായ്ക്കുമ്പോൾ അവൾ അവനു നൽകുന്നത് പാലല്ല. ഭൂമിയുടെ ആദ്യ അനുഗ്രഹമാണ്.

ആ പാൽ, ആ ചൂട്, ആ കരുതൽ ഇവയെല്ലാം “പച്ചമ്മയുടെ” കൈകളിൽ നിന്നാണ് ഒഴുകുന്നത്.

❑



പുതുക്കി പണിയുന്ന കൂത്താട്ടുകുളം ടൗൺ ചാപ്പലിന്റെ (സെന്റ് ജോൺസ് ഓർത്തഡോക്സ് സിറിയൻ ചാപ്പൽ) അടിസ്ഥാന ശിലയുടെ സ്ഥാപനം കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. തോമസ് മാർ അത്താനാസിയോസ് നിർവ്വഹിച്ചു.



ഓർത്തഡോക്സ് സഭ കൊട്ടാരക്കര-പുനലൂർ ഭദ്രാസന സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കൂൾ കിറ്റ് വിതരണം ചെയ്യുന്ന കരുതൽ പദ്ധതിയുടെ ഉദ്ഘാടനവും ഭദ്രാസനതല ഒ.വി.ബി.എസ്. സമാപനവും ഭദ്രാസനാധിപൻ യൂഹാനോൻ മാർ തേവോദോറോസ് ഉദ്ഘാടനം ചെയ്തു. ചെമ്മന്തൂർ സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടന്ന ചടങ്ങിൽ ഭദ്രാസന വൈസ് പ്രസിഡണ്ട് ഡേവിഡ് കോശി റമ്പാൻ അധ്യക്ഷനായിരുന്നു.



ദൂരദർശൻ മലയാളം ചാനലിൽ സംപ്രേക്ഷണം ചെയ്യുന്ന 'ചന്ദനത്തിൻ സുഗന്ധം എന്റെ സഹദാ' ടെലി ഫിലിമിന്റെ ഓഡിയോ റിലീസ് നടന്നു. ഡോ. എബ്രഹാം മാർ സറാഫിം തുമ്പമൺ ഭദ്രാസന സെക്രട്ടറി കെ. ജി. ജോൺസൺ കല്ലിട്ടതിൽ കോർഎപ്പിസ്കോപ്പായ്ക്ക് നൽകി പ്രകാശനം ചെയ്തു. ചടങ്ങിൽ ഇടവക ട്രസ്റ്റി ഷിജു തങ്കച്ചൻ, ഇടവക സെക്രട്ടറി ടി. എം. വർഗീസ്, പ്രോഗ്രാം കമ്മിറ്റി കൺവീനർ റോയി വർഗ്ഗീസ്, മനോജ് ചന്ദനപ്പള്ളി, സംവിധായകൻ ഷിനു വെളിയത്ത്, ടെലി ഫീലിം പ്രവർത്തകർ എന്നിവർ പങ്കെടുത്തു.



തിരുവനന്തപുരം ഭദ്രാസനത്തിലെ കുലശേഖരം സെന്റ് തോമസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ നവീകരണ കൂദാശ മെയ് മാസം 16-നു ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ യൂലിയോസിന്റെ മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ടു. ഭദ്രാസന സെക്രട്ടറി ഫാ. ഡോ. ഗീവർഗീസ് കണിയാന്തര, വികാരി ഫാ. ജേക്കബ് തോമസ്, ഫാ. ജോർജ് മാത്യു, ഫാ. തോമസ് ജോൺ, ഫാ. ജോഷ്വാ ഗീവർഗീസ് എന്നി വർ പങ്കെടുത്തു.



ദേവാലയ കൂദാശയും പ്രതിഷ്ഠാ ദിനവും

കാനഡ ഭദ്രാസനത്തിലെ കാൽഗറി സെന്റ് മേരീസ് ദേവാലയം കൂദാശ നിറവിലേക്ക്. മെയ് മാസം 29, 30 തീയതികളിൽ പ. ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് ത്രിതിയൻ കാതോലിക്ക ബാവായുടെ പ്രധാന കാർമികത്വത്തിലും കാനഡ ഭദ്രാസന സഹായ മെത്രാപ്പോലീത്ത സഖറിയാ മാർ നിക്കോളോവോസിന്റെയും കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ യൂലിയോസിന്റെയും സഹകാർമ്മികത്വത്തിലും നടത്തപ്പെടുന്നതാണ്.

2002 ൽ ഒരു കോൺഗ്രിഗേഷനായി തുടങ്ങിയ Calgary St. Mary's Orthodox ദേവാലയത്തിൽ എട്ട് വർഷകാലം മാസത്തിൽ ഒരു കുർബാന മാത്രമേ ഉണ്ടായിരുന്നുള്ളൂ. 2010-ൽ ഇവിടെ പൂർണ സമയ വികാരി വരികയും തുടർന്ന് ഇടവക അഭ്യൂതപൂർവ്വമായ വളർച്ചയിൽ കൂടി മുൻപോട്ട് പോവുകയും ചെയ്തു. ഇപ്പോൾ ഏകദേശം നൂറിലധികം കുടുംബങ്ങൾ ഇടവകയിലുണ്ട്. കാനഡയിലും ഇന്ത്യയിലുമായി വിവിധ തരത്തിലുള്ള സാമൂഹ്യ സാമ്പത്തിക സഹായങ്ങൾ ഇടവക നടത്തി വരുന്നു.

2015-ൽ ഇടവക സ്വന്തമായി വസ്തു വാങ്ങി. 2023 ജൂലൈ 7-നു പ്രാരംഭ പണികൾ ആരംഭിച്ചു. 2024 ജൂൺ 29-നു സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത തോമസ് മാർ ഈവാനിയോസ് അടിസ്ഥാന ശില സ്ഥാപിച്ചു.

മെയ് 27-നു കാൽഗറിയിൽ എത്തിച്ചേർന്ന പ. ബാവ തിരുമേനിയെയും മറ്റ് തിരുമേനിമാരെയും മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ സ്വീകരിച്ചു. 29-നു കൂദാശയുടെ ഒന്നാം ഭാഗവും 30-നു രാവിലെ കൂദാശയുടെ രണ്ടാം ഭാഗവും വി. മൂന്നിന്മേൽ കുർബാനയും തുടർന്ന് പൊതു സമ്മേളനവും നടക്കും. പൊതു സമ്മേളനത്തിൽ രാജൻ സ്വാനി (Alberta province minister of Indigenous Relations) മുഖ്യ അതിഥി ആയിരിക്കും.

Fr. George Varughese (Vicar), Joe Varughese (Convenor), Ivan John (Treasurer), Rioj Thomas (Secretary) എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിക്കുന്നു.



കുന്നംകുളം ക്രിസ്ത്യാനികളുടെ ജൂത പാരമ്പര്യം: സെമിനാർ നടത്തി

കുന്നംകുളം: ഓർത്തഡോക്സ് സഭാ കുന്നംകുളം ഭദ്രാസനം കുന്നംകുളം ക്രിസ്ത്യാനികളുടെ ജൂത പാരമ്പര്യം എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഡയസ്പോറ 2026 എന്ന പേരിൽ പൈതൃക സെമിനാർ നടത്തി. കൽദായ സുറിയാനി സഭാധ്യക്ഷൻ മാർ ഔഗിൻ കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു. സഹവർത്തിത്വത്തിന്റെ മഹത്വമാണു കേരളത്തിന്റെ ചരിത്രം നമ്മെ പഠിപ്പിക്കുന്നതെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

ചരിത്ര വേരുകൾ അന്വേഷിക്കുന്നത് ഭിന്നതയ്ക്കല്ല; മറിച്ച് ഐക്യത്തിന്റെ സംസ്കാരം ഉറപ്പിക്കാനാണെന്നും ഡിഎൻഎ പഠനം ശാസ്ത്രീയ നിഗമനത്തിനും ചരിത്ര ബന്ധത്തിനും കൂടി കാരണമാക്കണമെന്നും മാർ ഔഗിൻ കുര്യാക്കോസ് പറഞ്ഞു. പൈതൃക പഠനം നമുക്ക് പുതിയ ഊർജം ഉണ്ടാക്കുന്നതാണെന്ന് അധ്യക്ഷത വഹിച്ച ഡോ. ഗീവർഗീസ് മാർ യൂലിയോസ് പറഞ്ഞു.

കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്, ഡോ. പി. കെ. മൈക്കിൾ, രാജീവ് പള്ളിക്കോണം, ഡോ. തോമസ് മാത്യു, ഫാ.സ്റ്റീ ഫൻ ജോർജ്, ഫാ. ഇയ്യോബ് എന്നിവർ പ്രസംഗിച്ചു. ഡോ. മിനി കരയപ്പ, ഡോ. ഗ്യാനേഷ് കുമാർ, ഡോ. രാജൻ ചുങ്കത്ത്, ഡോ. ജെ. ഏബ്രഹാം, ജോസ് പോൾ, ഡോ. ഹരികൃഷ്ണൻ,, ജോൺ ഏബ്രഹാം, ഫാ.ഹർഷ ജൻ പഴയതിൽ എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. ജെ. ഏബ്രഹാം, സി. ജിൻസി ഒത്തോട്ടിൽ എന്നിവർ മോഡറേറ്ററായി.



ചെറിയമഠത്തിൽ സി. ജെ. സ്കറിയാ മല്പാന്റെ 74-ാമത് അനുസ്മരണം സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ നിർവഹിച്ചു. സ്കറിയ മല്പാൻ സ്മാരക ബെസ്റ്റ് സ്പീച്ചർ അവാർഡ് തദവസരത്തിൽ ഡീക്കൻ ഗ്രിഗറി കെ. ജോൺസിന് സമ്മാനിച്ചു.

◆ സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

◆ നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.

– പ. പരുമല തിരുമേനി



പ്രകൃതിദുരന്തം ഉണ്ടായ വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങൾ ബോംബേ ഭദ്രാസന മെത്രാപ്പോലീത്തായും, സ്ലീബാദാസ സമൂഹം അദ്ധ്യക്ഷനുമായ ഗീവർഗീസ് മാർ കൂറിലോസ് സന്ദർശിച്ചു.



പുതുപ്പള്ളി പാറേട്ട് ഹോസ്പിറ്റലിൽ Pediatric Allergy Department പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സാബു പുതുപറമ്പിൽ ഉദ്ഘാടനം ചെയ്തു. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് അധ്യക്ഷത വഹിച്ചു.



ഓർത്തോഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം 92-ാമത് രാജ്യാന്തര ത്രിദിന കോൺഫറൻസ് സമാപന സമ്മേളനം പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.



അർഹരായ 500 വിദ്യാർത്ഥികൾക്ക് 'ഹെവൻലി ഹാൻഡ്സ്' പദ്ധതി യുമായി മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനം. എം.ജി.ഒ.സി.എസ്.എമ്മിന്റെ ആഭിമുഖ്യത്തിലുള്ള പഠനോപ കരണ വിതരണ പദ്ധതിയുടെ ഉദ്ഘാടനം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടന്ന ചടങ്ങിൽ വിദ്യാർത്ഥിപ്രസ്ഥാനം പ്രസിഡന്റ് ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ നിർവഹിച്ചു. ദേവലോകം അരമന മാനേജർ ഫാ. യാക്കോബ് റമ്പാൻ, വിദ്യാർത്ഥിപ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ. ഡോ. വിവേക് വർഗീസ്, ഫാ. ജോബു ജേക്കബ് ജോൺ, കോളജ് സ്റ്റുഡന്റ്സ് പ്രതിനിധി അലക്സ് പി. ഷിജു എന്നിവർ പ്രസംഗിച്ചു.



അയ്യംപറമ്പ് ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ഹൗസിംങ്ങ് പ്രോജക്ടിൽ പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സ്മരണാർത്ഥം കുന്നംകുളം ഓർത്തഡോക്സ് പ്രവാസി അസോസിയേഷൻ സ്പോൺസർ ചെയ്ത് നിർമ്മിക്കുന്ന കുരിശുപള്ളിയുടെ കട്ടിളവെപ്പ് ശുശ്രൂഷ കുന്നംകുളം ഭദ്രാസനനാധിപനും, കുന്നംകുളം ഓർ ത്തഡോക്സ് പ്രവാസി അസോസിയേഷൻ രക്ഷാധികാരിയും, ഹൗസിംങ്ങ് പ്രോജക്ട് പ്രസിഡന്റുമായ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോ ലീത്താ നിർവ്വഹിച്ചു.



മലങ്കരസഭയുടെ പ്രതിനിധി സംഘം കേരളത്തിന്റെ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയെ സന്ദർശിച്ച് ആശംസകൾ നേർന്നു.



മർത്തമറിയം വനിതാ സമാജത്തിന്റെ ഗ്ലോബൽ കോൺഫറൻസ് മെയ് 21-23 തീയതികളിൽ ഇടുക്കി മെത്രാസനത്തിന്റെ നേതൃത്വത്തിൽ പീരുമേട് മാർ ബസേലിയോസ് ക്രിസ്ത്യൻ എൻജിനിറിംഗ് കോളജിൽ നടന്നു. പൊതുസമ്മേളനം ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് ഉദ്ഘാടനം ചെയ്തു.



മലപ്പുറം ജില്ലയിൽ സ്ഥിതി ചെയ്യുന്ന കുന്നംകുളം ഭദ്രാസനത്തിന് കീഴി ലുള്ള മൂക്കുതല സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയുടെ നവീകരിച്ച ദേവാലയ കൂദാശ ഡോ. ഗീവർഗീസ് മാർ യൂലിയോസിന്റെ മുഖ്യ കാർമ്മി കത്വത്തിൽ നടന്നു.

പീരുമേട് എം.ബി.സി. എൻജിനീയറിങ് കോളജിന്റെ അഡ്മിനിസ്ട്രേറ്റീവ് കോ-ഓർഡിനേറ്ററായി ഫാ. ജിത്തു തോമസിനെ പരിശുദ്ധ കാതോലിക്കാ ബാവാ നിയമിച്ചു.

